# 

# MALAYALAM ISLAMIC FACSHEETS

1. ഗാദിർ ഖുമ്മിന്റെ ദിവസത്തിൽ എന്തു സംഭവിച്ചു?

2. സുന്നി പണ്ഡിതന്മാർ എന്തു പറയുന്നു.

3. സഹാബി എന്നതിന്റെ നിർവ്വചനം.

4. മുഹമ്മദ് നബിയുടെ പൈതൃകം

5. **അത് സത്യമല്ല!!**

6. .മുഹമ്മദ് നബിയുടെ പൈതൃകം

7. ശിയാക്കളുടെ ജഅ്ഫരിഫിഖുഹ് അനുസരിച്ച്. ഇസ്ലാമിലെ

8. ശിയാക്കൾ ഖുർആനിൽ

# 1. ഗാദിർ ഖുമ്മിന്റെ ദിവസത്തിൽ എന്തു സംഭവിച്ചു?

ഗാദിർ ഖുമ്മും എന്നത് മക്കയിൽ നിന്ന് ഏതാനും മൈലുകൾ അകലെ മദീനയിലേ ക്കുള്ള പാതയോരത്തുള്ള ഒരു ചെറിയ പ്രദേശമാണ്. ദുൽഹജ്ജ് 18(ക്യ.പി 632 മാർച്ച് 10)ന് ഹജ്ജത്തുൽ വദാക്കു ശേഷം പ്രവാചകർ (സ) ഈ പ്രദേശത്തു കൂടി കടന്നു പോകുമ്പോ ളാണ് മേൽ സൂക്തം (പ്രാവചകരെ, നീന്റെ നാഥനിന്ന് ലഭിച്ച(സന്ദേശം) നീ ജനങ്ങൾക്ക് എത്തി ക്കുക.....) അവതരിച്ചത്. അതിനാൽ അദ്ദേഹം അവിടെ തങ്ങി. മക്കയിൽ നിന്ന് തന്നെ അനുഗ മിച്ച വിവിധ ദേശങ്ങളിലേക്ക് പിരിഞ്ഞു പോകേണ്ടവരായ അനുചരന്മാരോട് ഈ കാര്യം ഉണർത്തി. വൃക്ഷശിഖരങ്ങൾ ഉപയോഗിച്ച് അവിടെ അദ്ദേഹത്തിന് ഒരു മിമ്പർ നിർമ്മിക്കപ്പെട്ടു. അന്ന് ളുഹർ, നമസ്കാരശേഷം മിമ്പറിൽ കയറി നിന്ന് ആ വലിയ ജനസഞ്ചയത്തോട് തന്റെ അവസാനത്തെ പ്രസംഗം നടത്തി. ഇത് പ്രവാചകരുടെ വഫാത്തിന് മുന്ന് മാസം മുമ്പായിരു ന്നു.

ആ ചടങ്ങിന്റെ പ്രധാനഭാഗം: പ്രവാചകർ (സ) ഇമാം അലി  (അ) യുടെ കരം പൊക്കി പ്പിടിച്ചു തന്റെ അനുചരന്മാരോട് ചോദിച്ചു. വിശ്വാസികളായ നിങ്ങളുടെയെല്ലാം ഏറ്റവും ഉന്ന തൻ (അഅ്ലാ) ഞാനായിരുന്നില്ലേ. ജനക്കൂട്ടം ഒന്നടക്കം ഉച്ചത്തിൽ പ്രതികരിച്ചു അതെ, അല്ലാ ഹുവിന്റെ പ്രവാചകരെ!

എന്നിട്ടദ്ദേഹം പ്രഖ്യാപിച്ചു. ആർക്കൊക്കെ ഞാൻ നേതാവു (മൗല) ആയിരുന്നു വോ, അവന് അലിയും, നേതാവാണ്, അള്ളാഹുവെ, പ്രാവാചകന്റെ ചങ്ങാതി അവന്റെയും ചങ്ങാതി യാണ് പ്രവാചകന്റെ ശത്രു അവന്റെയും ശത്രുവാണ്.

പ്രാവചകൻ തന്റെ പ്രസംഗം അവസാനിപ്പിച്ച ഉടനെ താഴെ പറയുന്ന ഖുർആൻ സൂക്തം അവതരിക്കപ്പെട്ടു.

ഇന്നു ഞാൻ നിങ്ങളുടെ മതം പൂർത്തിയാക്കി തരികയും നിങ്ങൾക്കുള്ള എന്റെ അനു ഗ്രഹം പൂർണ്ണമാക്കുകയും ഇസ്ലാമിനെ നിങ്ങളുടെ മതമായി തൃപ്തിപ്പെടുകയും ചെയ്തിരിക്കു ന്നു. (ഖുർആൻ 5:3)

പ്രാവാചകർ (സ) പ്രസംഗ ശേഷം ജനങ്ങളോട് ഓരോരുത്തരായി അലി(അ) യെ ബൈഅത്ത് ചെയ്യുവാനും അനുമോദിക്കാനും ആവശ്യപ്പെട്ടു. അവരുടെ കൂട്ടത്തിൽ ഉമർ ബിനു ഖത്താബു ഉണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു: അബൂതാലിബിന്റെ മകനെ, നല്ലതുവരട്ടെ! ഇന്ന് നിങ്ങൾ എല്ലാ വിശ്വാസികളുടെയും വിശ്വാസിനികളുടെയും നേതാവാണ്.

ഖാദിർ ഖുമ്മിലെ സംഭവ വികാസങ്ങൾ അറിഞ്ഞ‌ഒരു അറബി പ്രാവചക (സ) സന്നിധി യിൽ വന്നു പറഞ്ഞു അല്ലാഹുവല്ലാതെ മറ്റൊരു ദൈവവുമില്ലെന്നും അങ്ങ് അല്ലാഹുവിന്റെ സന്ദേശ വാഹകനാണെന്നും അങ്ങ് ഞങ്ങളോട് കല്പിച്ചു. ഞങ്ങൾ അങ്ങയെ അനുസരിച്ചു. ദിവസം അഞ്ചുനേരം പ്രാർത്ഥിക്കണമെന്ന് വിധിച്ചു. അതും ഞങ്ങൾ അനുസരിച്ചു റമദാൻ മാസം വ്രതമനുഷ്ഠിക്കണമെന്ന് കല്പിച്ചു. അതും ഞങ്ങൾ അനുസരിച്ചു. പിന്നെ മക്കയിൽ പോയി ഹജ്ജ് ചെയ്യാൻ കൽപ്പിച്ചു അതും അംഗീകരിച്ചു. എന്നാൽ അതു കൊണ്ടൊന്നും തൃപ്തനാവാതെ, സ്വന്തം മച്ചുനനെ സ്വന്തം കരങ്ങളാൽ പൊക്കിപ്പിടിച്ചു കാണിച്ചു. ഞങ്ങളുടെ നേതാവാണെന്ന് സമർത്ഥിക്കുന്നു. അങ്ങ് ആർക്കൊക്കെ നേതാവു (മൗല) ആയിരുന്നുവോ, അലിയും അവർക്ക് നേതാവാണെന്ന്.  ഇത് അങ്ങയുടെ വകയോ അതോ അല്ലാഹുവിന്റെ കല്പനയോ? പ്രാവചകർ (സ) പറഞ്ഞു: അല്ലാഹുവിങ്കൽ നിന്ന് അവൻ മാത്രമാണ് ആരാധന ക്കർഹൻ ഇതും ദയാലുവും മഹാനുമായ അല്ലാഹുവിൽ നിന്ന് ഉള്ളത് തന്നെ.

ഈ മറുപടികേട്ട അയാൾ തിരിഞ്ഞു നിന്ന് തന്റെ പെൺഒട്ടകത്തെ മുന്നോട്ടു തെളിച്ചിട്ട് പറഞ്ഞു. അല്ലാഹുവെ മുഹമ്മദിന്റെ വചനമാണ് ശരിയെങ്കിൽ ആകാശത്തു നിന്ന് വേദനിപ്പി ക്കുന്നതും ക്രൂരവുമായ ഒരു കല്ല് ഞങ്ങളിൽ പതിക്കട്ടെ!

അയാൾ തന്റെ ഒട്ടകത്തെ പ്രാപിക്കുന്നതിന് മുമ്പു തന്നെ അല്ലാഹു അവന്റെ തലയിൽ ഒരു ശിലവർഷിക്കുകയും അയാൾ നിലം പതിക്കുകയും ചെയ്തു. താഴെ പറയുന്ന സൂക്തങ്ങൾ ഈ സന്ദർഭത്തിൽ അവതരിച്ചതാണ്.

"സംഭവിക്കാൻ പോകുന്ന ദൈവിക ശിക്ഷയെകുറിച്ച് ചോദ്യകർത്താവ് നിന്നോട് ചോദിച്ചെന്നിരിക്കും അവിശ്വാസികളെ അതിൽ നിന്ന് പ്രതിരോധിക്കാൻ ആരുമില്ല. അത് അല്ലാ ഹുവിങ്കൽ നിന്നാണ്. (അവന്റെ ഔന്നത്യത്തിന്) വഴികൾ പലതാണ്."

(ഖുർആൻ 70–1–3)

സുന്നി പണ്ഡിതർക്ക് ഈ സംഭവം വിശ്വാസനീയമാണോ?

ധാരാളം സുന്നി പണ്ഡിതന്മാർ ഈ സംഭവം പൂർണ്ണമായും സംക്ഷിപ്തമായും വിവരി ക്കുന്നുണ്ട്. അത്ഭുതത്തോടെ! 110 പ്രവാചകാനുചാരന്മാർ ഈ സംഭവം റിപ്പോർട്ടു ചെയ്തിട്ടു ണ്ട്. 84 താബിഉകളും നൂറുകണക്കിന് ഇസ്ലാമിക ലോകത്തെ പിൻമുറക്കാരയാ പണ്ഡിതന്മാരും ഇത് റിപ്പോർട്ട് ചെയ്തു. ഹിജ്റ  ഒന്നാം നൂറ്റാണ്ട് മുതൽ പതിനാലാം നൂറ്റാണ്ട് വരെയും (പി. 7–ാം നൂറ്റാണ്ടു മുതൽ 20–ാം നൂറ്റാണ്ട് വരെ)

സുന്നിപണ്ഡിതന്മാർ രേഖപ്പെടുത്തിയ റിപ്പോർട്ടുകളിൽ നിന്ന് ലഭിച്ചവ മാത്രമാണ് ഈ സ്ഥിതി വിവരക്കണക്കുകൾ.

അവയിൽ ചിലതുമാത്രം തെരഞ്ഞെടുത്ത് താഴെ കൊടുക്കുന്നു. അവയിൽ ചിലപണ്ഡിതന്മാർ പ്രാവാചക പ്രഖ്യാപനം ഉദ്ധരിക്കുക മാത്രമല്ല അതിൽ ആധികാരികത അവകാശപ്പെടുകയും ചെയ്തിരിക്കുന്നു.

1. അൽ ഹക്കിം അൽ നൈസാബൂരി, അൽ മുസ്തദ്റക്ക് അലാ – അൽ സഹീഹൈൻ. വാള്യം 3, പേജ് 109–110, 113, 148, 533 ബുഖാരിയും മുസ്ലിംമും അംഗീകരിക്കുന്ന വിശ്വാസ്തരായ ഹദീസ് റിപ്പോർട്ടർമാരെ ഉദ്ധരിച്ചാണിതെന്ന് അദ്ദേഹം വ്യക്തമാക്കുകയും ചെയ്തു. അൽ – ദഹബി ഇതിന്റെ അടിസ്ഥാനത്തിൽ വിധി കല്പിക്കുകയും ചെയ്തിട്ടുണ്ട്.
2. അൽ തറിമിദി സുനർ (കൈറോ) അധ്യായം 5, പേജ് 633)
3. ഇബ്നു മാജ, സുനൻ (കൈറോ 1952) അധ്യായം 45.
4. ഇബ്നു ഹജറുൽ അസ്ഖലാനി, ഫത്ഹുൽ ബാരി ബി ശറഹു സഹീഹുൽ ബുഖാരി (ബൈറൂത്ത് 1988)
5. അൽ അയ്നി ഉംദത്തുൽഖാരി ശറഹു സഹീഹുൽ ബുഖാരി അധ്യായം 8, പേജ് 584)
6. ഇബ്നുൽ ആതിർ ജാമിഉൽ ഉസൂൽ 1, 277, നമ്പർ 65
7. അൽ സുയൂത്വി അൽ ദുറുൽ മൻഌർ അധ്യായം 2, പേജ് 259 – 298.
8. ഫഖ്റുദ്ദീൻ നു റാസി തഫ്സീറുൽ കബീർ(ബൈറൂത്ത് 1981) അധ്യായം 11, പേജ് 53)
9. ഇബ്നു കസീർ തഫ്സീറുൽ ഖുർആൻ അൽ അളീം (ബൈറൂത്ത്) അധ്യായം 2 പേജ് 14.
10. അൽ വാഹിദി അസ്ബാബുനുസൂൽ പി, 164
11. ഇബ്നുൽ ആതിർ, ഉസുദുൽ ഗബാഫീ മഅ്രിഫാത്ത്ൽ സഹാബ (കൈറോ പേജ് 3 പി. 92)
12. ഇബ്നു ഹജറുൽ അസ്ഖലാനി, തഹ്ദീബു അത്തഹ്ദീബു, ഹൈദരാബാദ് 1325)
13. ഇബ്നു കസീർ, അൽബിദായത്തു വന്നിഹായ(കൈറോ 1932) അധ്യായം 7 പേജ് 340, പേജ് 5, അധ്യായം 213)
14. അൽ താബി മുശ്കിലുൽ അത്താർ (ഹൈദരാബാദ് 1915) അധ്യായം 2 പേജ് 308.9
15. നൂറുദ്ദീനുൽ ഹലബി അൽ, അൽ സിറാഹുൽ ഹലബിയ്യ അധ്യായം 3, പി 337.
16. അൽസർഖാനി ശറഹുൽ മഹാബിബു, അൽലദുന്നിയ്യ അധ്യായം 7, പേജ് 13.

മൗലക്ക് ചങ്ങാതിയെന്ന് അർത്ഥമുണ്ടോ?

എക്കാലത്തുമുള്ള ഒരു വലിയ വിഭാഗം സുന്നി പണ്ഡിതന്മാർ എല്ലാ അർത്ഥത്തിലും ഈ സംഭവം സമ്മതിക്കുകയും പ്രാവചകർ (സ)യുടെ ചരിത്രപരമായ പദങ്ങൾ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ സംഭവങ്ങളുടെ പൂർണ്ണ വിശദീകരണത്തിന് ഈ ചെറുകുറിപ്പ് മതിയാതല്ല. അലി (അ) ഒരു ചങ്ങാതിയാണെന്നും മുസ്ലിംകൾക്ക് സഹായിയാണെന്നും മാത്രമേ പ്രവാചകർ (സ) ഉദ്ദേശിച്ചിട്ടുള്ളുവെന്നാണ് ചില സുന്നി പണ്ഡിതൻമാരുടെ അഭിപ്രായം സൂചിപ്പിക്കുന്നത്.

ഈ സംഭവത്തിലെ ധാരാളം വസ്തുതകൾ വളരെ അർത്ഥഗർഭമാണ്. ധാരാളം ഖുർആൻ വാക്യങ്ങളുടെ അവതരണം, തടിച്ചുകൂടിയ വലിയ ജനക്കൂട്ടം പ്രാവചക ജീവിതത്തിന്റെ അവസാന ഘട്ടങ്ങൾ, പ്രവാചകർ (സ) നാണ് പ്രമുഖ കൈകാര്യകർത്താവെന്ന ജനങ്ങളുടെ പ്രഖ്യാപനം അതിനെ തുടർന്ന് ഉമറിന്റെ അഭിനന്ദനം, ഇവയിലെല്ലാം ഉൾക്കൊണ്ട വസ്തുകൾ ഈ ചെറുകുറിപ്പിൽ ഉൾപ്പെടുത്താൻ പ്രയാസമാണ്. ഈ സന്ദർഭങ്ങളെല്ലാം ചൂണ്ടിക്കാട്ടുന്നത് പ്രവാചകർ (സ) ഒരു പിൻഗാമിയെ നിയമിച്ചുവെന്ന് തന്നെയാണ്. മൗല എന്ന വാക്ക് ഉപയോഗിച്ചത്. പ്രവാചകനുശേഷം പരമോന്നത സ്ഥാനിയൻ എന്ന അർത്ഥത്തിൽ തന്നെയാണെന്നതാണ്. ഇത് തെളിയിക്കുന്നത്. അധികാരം പ്രാവചകനിൽ മാത്രം നിക്ഷിപ്തമായിരുന്നില്ലെന്നർത്ഥം.

അവസാന വാക്ക്

ഈ പ്രസ്താവനയുടെ ചരിത്ര പരതയിലും, ചിലർ ഇത് മറച്ചുവെക്കാൻ നടത്തിയ ശ്രമങ്ങളിലും ഇനിയും സംശയമുണ്ടെങ്കിൽ താഴെ കൊടുത്തിരിക്കുന്നത് അവസാന വാക്കായി കാണാം.

ഇമാം അലി(അ) ഖലീഫമാരുടെ കാലത്തും ഖാദിർ സംഭവത്തിന് ശേഷമുള്ള കാലത്തും, നബി(സ)യും അനുചരനായ അനസ് ബിൻ മാലിക്കിനോടും ചോദിച്ചു ഖാദിറിന്റെ ദിവസം അല്ലാഹുവിന്റെ പ്രാവാചകരിൽ നിന്ന് കേൾക്കാനിടയായ കാര്യത്തിൽ എന്തുകൊണ്ട് താങ്കൾ നിലകൊള്ളുന്നില്ല? അദ്ദേഹം പ്രതികരിച്ചു അമീറുൽ മുഅമിനീൻ ഓർമ്മയില്ല എനിക്കു വയസ്സായി, ഉടനെ അലി (അ) പറഞ്ഞു നിന്റെ തലപ്പാവിന് മറച്ചുവെക്കാൻ കഴിയാത്ത വിധം അല്ലാഹു വെള്ളപ്പാണ്ഡിനാൽ നിനക്ക് മാർക്കു ചെയ്യട്ടെ! നീ മനപ്പൂർവ്വമാണ് സത്യം മറച്ചുവെ

ച്ചതെങ്കിൽ. അനസ് തന്റെ ഇരിപ്പിടം വിടുന്നതിനു മുമ്പ് ഒരു വലിയ വെളുത്തപാട് അദ്ദേഹത്തിന്റെ മുഖത്ത് പ്രത്യക്ഷമായി.

ഇബുനു ഖുതൈബ അൽ–ദിനാവാരി കിതാബ് അൽമാ.....രിപ്പ് (കൈറോ 1353എ.എച്ച്) പേജ് 251.

അഹമ്മദ് ബിൻ ഹമ്പൽ, അൽ മുസനദ് അധ്യായം 1, പേജ് 119.

അബൂനുഅയ് അൽ ഇസഫഹാനി എൽയാത്തുൽ ഔലിയാ (.........1988) അധ്യായം5, പേജ് 27.

നൂറുദ്ദീൻ അൽ ഹലബി അശ്ശാഫി, അൽസറീഅതുൽ ഹലബ്ബിയ അധ്യായം 3, പേജ് 336.

അൽമുത്തഖി അൽ ഹിൻദി, കൻസൂൽ ഉമ്മാൽ (ഹലബ്ബ്) 1969 – 84) അധ്യായം 13, പേജ് 131.

## 2. സുന്നി പണ്ഡിതന്മാർ എന്തു പറയുന്നു.

ഇബ്നു അറബി: പരിശുദ്ധ പ്രവാചകനു ശേഷം നാം പന്ത്രണ്ട് ഭരണാധികാരികളെ എണ്ണിപ്പോരുന്നു. അതു താഴെ പറയും പ്രകാരമാണ്.

അബൂബക്കർ, ഉമർ, ഉസ്മാൻ, അലി, ഹസൻ, മുആവിയ്യ, യസീദ്, മുആവിയ്യ ഇബ്നു യസീദ്, മർവാൻ, അബ്ദുൽ മലിക്, ഇബ്നുനു മർവാൻ, യസീദു ഇബ്നുനു അബ്ദുൽ മാലിക്, മർവാൻ ബിൻ മുഹമ്മദ് ബിൻ മർവാൻ, അസ്സഫ,....ഇവർക്ക് ശേഷം 27 കലീഫമാർ ബനി അ ബ്ബാസിൽ നിന്നാണ്.

അപ്പോൾ, പന്ത്രണ്ടു പേരാണെന്നു വന്നാൽ സുലൈമാൻ വരെ മാത്രമെ കാണുന്നുള്ളു. ശരിയായ അർത്ഥത്തിൽ കണ്ടാൽ അഞ്ചുപേർ മാത്രമേയുള്ളു. അതായത് നാലു സത്യസന്ധ രായ ഖലീഫമാരും ഉമറുബിനു അബ്ദുൽ അസീസും എനിക്ക് ഈ പ്രാവാചക വചനം മനസ്സി ലാക്കുന്നില്ല.

(ഇബ്നുനു അറബി ശറഹു സുനൻ തിർമിദി 9:68,69)

ഖാളി ഇയാദ് അൽ യഹ്സൂബി

ഖലീഫമാർ ഇതിൽ കൂടുതലുണ്ട്. അവ പന്ത്രണ്ട് എണ്ണത്തിൽ പരിമതപെടുത്തുന്നത് ശരിയല്ല. പരിശുദ്ധ പ്രവാചകൻ (സ) അവർ പന്ത്രണ്ടെണ്ണമായിരിക്കുമെന്നും അധികം വരാൻ സാധ്യതയില്ലെന്നും പറഞ്ഞിട്ടില്ല. എന്നിരുന്നാലും അവർ ഇതിലധികമാവാം (അൽ നവവി, ഷറഹ് സാഹിഹ് മുസ്ലിം, 12:201 – 202, ഇബ്നു ഹജർ, അൽ അസ്കലാനി, ഫതഹ് അൽ ബാരി, 16:339.

ജലാലുദ്ധീൻ അൽ സുയൂതി

അന്ത്യനാൾ വരെ പന്ത്രണ്ട് ഖലീഫമാർ മാത്രമേ ഉണ്ടാവു. അവർ തുടർന്നു പോകുന്നവ രല്ലെങ്കിലും അവർ സത്യ പാതയിൽ തുടർന്നു പോകുന്ന വരായിരിക്കും.

ഈ പന്ത്രണ്ടു പേരിൽ നിന്ന് സത്യസന്ധരായ നാലു ഖലീഫമാരെയും പിന്നെ ഹസൻ, മുആവിയ, ഇബ്നുനു സുബൈർ, അവസാനമായി ഉമർ ഇബ്നുനു അബ്ദുൽ അസീസ്, എട്ടുപേർ, നാലുപേർ പിന്നെയും അവശേഷിക്കുന്നു. മഹ്ദിയും അബ്ബാസിദുകൾ ഈ ഗുണത്തിൽ വരും ഉമ്മയ്യിദ് വംശജനായ ഉമർ ബിൻ അബ്ദുൽ അസീസ് ഉൾപ്പെടുന്ന പ്രാകാരം അബ്ബാസി പരമ്പര യിലെ ഖലീഫ താഹിർ ഇതിൽപ്പെടും. കാരണം അദ്ദേഹം സത്യ സന്നനായ ഭരണാധികാരിയാ യിരുന്നുവല്ലോ. ഈ നിലക്ക് രണ്ടു പേർകൂടി വരും. ഒന്ന് മഹ്ദി കാരണം അദ്ദേഹം അഹ് ലു ബൈത്തിൽ ഉൾപ്പെട്ടവനാണ്.

(അൽ സുയൂതി, താരിഖ് അൽ കുലാഫ, പേജ് 12, ഇബ്നു ഹജർ അൽ ഹൈതമി, അൽ സവാഖ് അൽ മുഹ്റിഖ് പേജ്: 19)

ഇബ്നു ഹാജറുൽ അസ്ഖലാനി

സഹീഹുൽ ബുഖാരിയിൽ ഈ സവിശേഷ ഹദീസു സംബന്ധമായി ആർക്കും വ്യക്ത മായ അറിവില്ല. പ്രസ്തുത ഇമാമുമാർ ഒരേ സ്ഥലത്തും സമയത്തുമായിരിക്കുമെന്നത് ശരിയല്ല.

(ഇബ്നുനു ഹജറുൽ അസ്ഖലാനി ഫത്ഹുൽ ബാരി 16:338 – 341)

ഇബ്നു ജൗസി

ബനൂഉമയ്യ ഗോത്രത്തിലെ ആദ്യത്തെ ഖലീഫ യസീദുബിനു മുഅവിയ്യയും അവസാന ത്തേത് മർവാൻ അൽ ഹിമാറുമാണ്. അവർ പതിമൂന്നു പേർ. ഉസ്മാൻ, മുആവിയ്യ, ഇബ്നുനു സുബൈർ എന്നിവർപ്പെടാത്തത് അവർ നബി(സ) യുടെ അനുചരന്മാരിൽ (സഹാബികൾ) ഉൾപ്പെട്ടതിനാലാവാം.

മർവാൻ ബിൻ അൽ ഹകമിനെ ഒഴിവാക്കാൻ കാരണം അദ്ദേഹം സഹാബിയാണോ അബ്ദുള്ളാഇബിൻ സുബൈറിലൂടെ ജനങ്ങളുടെ പിൻന്തുണയോടെ അധികാരത്തിലെത്തിയ താണോ എന്ന സംശയം നില നിൽക്കുന്നതിനാലാണ് അങ്ങനെ വന്നാൽ പന്ത്രണ്ട് തികയും.... ബനു ഉമയ്യക്ക് പുറത്തു നിന്ന് ഖലീഫമാർ ഉണ്ടായപ്പോൾ കലാപമുണ്ടായി അതു ബനു അബ്ബാസ് ഭരണ കൂടം കെട്ടിപടുക്കുന്നത് വരെ നിലനിന്നു. എന്നാലും ഈ അവസ്ഥക്ക് മാറ്റം വന്നു.

ഇബ്നു ജൗസി, കഷ്ഫ് അൽ മുഷ്കിൽ, ഇബ്ൻ ഹജർ അൽ അസ്ഖലാനി, ഫത്ത അൽ – ബാരി, 16:340 സിബ്ത് ഇബ്ന് അൽ ജൗസി)

അൽ നവവി

ഇസ്ലാമിന്റെ പ്രതാപകാലത്ത് ഉണ്ടായവരാകാം ഈ പന്ത്രണ്ടു ഖലീഫമാർ. ഇസ്ലാമിനു സർവ്വാധി പത്യമുണ്ടായിരുന്ന കാലത്ത്. ഈ ഖലീഫമാർ അവരുടെ ഭരണകാലത്ത് മതത്തെ മഹത്വവൽകരിച്ചു.

അൽ നവവി, സഹീഹു മുസ്ലിം 12:202 – 203)

അൽ – ബൈഹഖി

ഈ പന്ത്രണ്ടംഗ സംഖ്യ വലീദുബിൻ അബ്ദുൽ മലിക്കിന്റെ കാലം വരെ കണ്ടെത്താൻ കഴിയും അതിനുശേഷം കുഴപ്പങ്ങളും കലാപങ്ങളുമായിരുന്നു. അബ്ബാസി ഭരണകൂടം വന്ന പ്പോൾ ഈ വിവരണവും എണ്ണവും അധികമായി. കലാപത്തിലൂടെ അധികാരത്തിൽ വന്നവരെ സ്വഭാവപരമായി നാം ഒഴിവാക്കിയാലും അവരുടെ എണ്ണം കൂട്ടം

(ഇബ്നു കസീർ, താരീഖ്, 6: 249 അൽ സുയൂത്തി, താരീഖുൽ ഖുലഫ പേജ് 11)

ഇബ്നു കസീർ

ആരൊക്കെ ബൈഹഖിയുടെ അഭിപ്രായത്തോട് യോജിച്ചാലും വലീദുബിനു യസീദു ബിനു അബ്ദുൽ മലിക്കിന്റെ കാലത്തെ താല്കാലിക ഭരണ കർത്താക്കളുടെ ജമാഅത്തിനെ സംബന്ധിച്ച് സമർത്ഥനം ഈ അക്രമകാരികൾ പാരമ്പര്യത്തിന്റെ താല്പര്യമായി കണക്കാക്കി നാം അത്തരക്കാരെ അവഗണിക്കുകുയം വിമർശിക്കുകയും ചെയ്തിട്ടുണ്ട്.

ഇബ്നു സുബൈർ ഭരണകൂടത്തെ അബ്ദുൽ മലിക്കിന്റെ മുമ്പായി നാം സ്വീകരിക്കുക യാണെങ്കിൽ അവർ തന്നെ 16 ഓളം ഉണ്ട്. ഉമർ ബിനു അബ്ദുൽ അസീസിന്റെ മുമ്പുള്ളവർ പന്ത്രണ്ടാകുന്നത് എങ്ങനെ ഈ രൂപത്തിൽ യസീദുബിനു മുആവിയ്യ ഈ ഗണത്തിൽപ്പെടും ഉമർ ബിനു അബ്ദുൽ അസീസ് അല്ല എന്നിരുന്നാലും ഭൂരിപക്ഷം പണ്ഡിതന്മാരും ഉമർബിനു അബ്ദുൽ അസീസിനെ സത്യസന്ധനും നീതിമാനുമായി അംഗീകരിക്കുന്നുണ്ട്. (ഇബ്നു കസീർ താരീഖ് 6:249 – 250)

ആശയകുഴപ്പത്തിൽ

മറ്റൊരു വിഭാഗം സുന്നി പണ്ഡിതന്മാർ അവസാനമായി ഈ പന്ത്രണ്ട് പേരെ പിൻ തുടർച്ചക്കാർ ഖലീഫമാർ, (അമീർമാർ, ഇമാമുമാർ എന്നിവരാണെന്ന് കണക്കാക്കി.

പ്രമുഖ പണ്ഡിതനായ ദഹബി തദ്കിറത്തുൽ ഇഫ്ഫാസ് (അധ്യായം 4, പേജ് 298) എന്ന ഗ്രന്ഥത്തിലും, ഇബ് ഹജറുൽ അസ്ഖലാനി തന്റെ അദ്ദറുൽ കാമിന ( അധ്യായം പേജ് 67) എന്ന ഗ്രന്ഥത്തിലും അതു തന്നെ വലിയ ഹദീസ് പണ്ഡിതനായ സദറുദ്ധീൻ ഇബ്രാഹിം ഇബ്നു മുഹമ്മദ് ബൻ അൽ – ഹറാവായി അൽ ജുവൈയ്നി അൽ ഷാഫി പറയുന്നു. ഇതു തന്നെ അൽ ജൂവൈനി അബ്ദുല്ലാഹിബിനു അബ്ബാസി (റ) നെ ഉദ്ദരിച്ചു പ്രവാചകനിൽ നിന്ന് റിപ്പോർട്ട് ചെയ്യുന്നത് കണ്ടു. “ഞാൻ നബിമാരിൽ പ്രമുഖനാണ്. അലിയബ്നു അബിത്വാലിബ് യാകട്ടെ എന്റെ അനുചരന്മാരിൽ മുഖ്യനും, എനിക്ക് ശേഷം എന്റെ അനുചരന്മാരിൽ പന്ത്രണ്ടു പേരുണ്ടാകും അതിൽ ആദ്യത്തേത് അലിയ്യുബിനു അബ്ദുത്വാലിബാണ്. അവരിൽ അവസാന ത്തേത് മഹദിയുമാണ്”.

അൽ ജുവൈനി വീണ്ടും ഇബുനു അബ്ബാസിൽ നിന്ന് ഇബുഅബ്ബാസ് പ്രവാചകനിൽ നിന്നും റിപ്പോർട്ട് ചെയ്യുന്നു.

തീർച്ചയായും ചരാചരങ്ങൾക്ക് എന്റെ ഖലീഫമാരും എന്റെ പിൻതുടർച്ചക്കാരും അല്ലാ ഹുവിന്റെ മുദ്രകളും പന്ത്രണ്ടു പേരാണ്. അവരിൽ ഒന്ന് എന്റെ സഹോദരനും അതിൽ അവ സാനത്തേത് എന്റെ (മൂത്ത) മകനുമാണ് (ഇബ്നു അബ്ബാസ് (റ) ചേദിച്ചു. “അല്ലാഹുവിന്റെ പ്രാവാചകരെ ആരാണീ സഹോദരൻ ? നബി (സ) പറഞ്ഞു അലിയ്യിബുനു അബീത്വാലിബ്.”

പിന്നെ അദ്ദേഹം ചോദിച്ചു. ആരാണി മകൻ? പരിശുദ്ധ പ്രവാചകൻ (സ) പറഞ്ഞു അൽ മഹദി അനീതിയും ദുരിതവും നിറഞ്ഞ ലോകത്ത് നീതിയും സമത്വവും നടപ്പാക്കുന്നവ നാണദ്ദേഹം എന്നെ താക്കീതുകാരനായും നല്ല കാര്യങ്ങൾ ചെയ്യുന്നവനായും ഉയർത്തിയത് ഇദ്ദേഹം മുഖേനയാണ്. ഈ ലോക ജീവിതത്തിൽ ഒരു നാൾ അവശേഷിക്കുന്നു വെങ്കിൽ കാരുണ്യവാനായ അല്ലാഹു എന്റെ മകൻ മഹദിയെ അവിടെ നിയോഗിക്കും. പിന്നെ അദ്ദേഹം ദൈവാത്മാവായ ഈസബ്നുമറിയ (അ) മിനെ ഭൂമിയിലേക്ക് വരുത്തുകയും അദ്ദേഹത്തിന്റെ രശ്മികളേറ്റു ലോകം പ്രകാശ പൂരിതമാകും കിഴക്കും തെക്കും അദ്ദേഹത്തിന്റെ അധികാര ത്തിൽ വരുകയും ചെയ്യും.

അല്ലാഹുവിന്റെ പ്രവാചകൻ (സ) അറിയിച്ചതായി ജുവൈനി തന്നെ റിപ്പോർട്ട് ചെയ്യു ന്നു.

ഞാൻ അലി, ഹസൻ, ഹുസൈൻ ഹുസൈൻ എന്നവരുടെ സന്താനപരമ്പരയിലെ ഒമ്പ തുപേർ ഇവരെല്ലാം പരിശുദ്ധരും പാപമുക്തരുമാണ്.

(അൽ ജുവൈനി ഫറാഇദുൽ സിമതൈനി മുഅസ്സസാത്ത് അൽ മഹ് മൂദി ലി തബഅ ബൈറുത്ത് 1978. പേജ് 160)

ഈ ഇസ്ലാമിക ചിന്താ പ്രസ്ഥാനങ്ങൾക്കിടക്ക് മാത്രമാണ് പന്ത്രണ്ട് ശിഈ ഇമാമുമാർ (ഇസ്നാഅശ് അരിയ്യ) ഈ പന്ത്രണ്ട് സത്യമാർഗികളായ വ്യക്തികളിലൂടെ അവരുടെ കണ്ടെത്ത ലുകളിലൂടെയാണ് ശിആക്കൾ ഇസ്ലാമിനെ മനസ്സിലാക്കുന്നത്.

# 3. സഹാബി എന്നതിന്റെ നിർവ്വചനം.

പ്രമുഖ സുന്നി പണ്ഡിതനായ ഇബ്നുനു ഹജറുൽ അസ്ഖലാനി നബി (സ)യുടെ സഹാബിയെ ഇങ്ങനെ നിർവ്വചിച്ചു. ഇസ്ലാം മതം സ്വീകരിച്ചതിനു ശേഷം നബി (സ) യെ കണ്ടുമുട്ടുകയും മുസ്ലിമായി തന്നെ മരിക്കുകയും ചെയ്തവനാണ് സഹാബി. ഈ നിർവ്വചനത്തിൽ അദ്ദേഹം താഴെ പറയുന്ന വസ്തുതകൾ കൂടി ഉൾക്കൊള്ളിച്ചു.

* ചുരുങ്ങിയ കാലമെന്നോ ദീർഘകാലമെന്നോ പരിഗണനകൂടാതെ പ്രവാചകർ (സ)യെ കണ്ടുമുട്ടിയ ആളുകൾ എല്ലാം.

* പ്രവാചക ചര്യകളെ പ്രചരിപ്പിച്ചവരെന്നോ അല്ലാത്തവരെന്നോ പരിഗണിക്കാതെ.

* പ്രവാചകൻ (സ)യുടെ കൂടെ യുദ്ധം ചെയ്തവരെന്നോ അല്ലാത്തവരെന്നോ ഇല്ല.

* പ്രവാചകനെ കാണുക മാത്രം ചെയ്തവനെന്നോ കൂടെ മജ്ലിസിൽ ഇരുന്നവനെന്നോ പരിഗണയില്ല.

* അന്ധത പോലുള്ള കാരണങ്ങളാൽ പ്രവാചകനെ നേരിട്ടുകാണാൻ സാധിക്കാത്ത അവസ്ഥയും ഇതു പോലുള്ളതാണ്.

(ഇബ്നുനു ഹജറുൽ അസ്ഖലാനി അൽ ഇസാബഫി തംയീസിസ്സബാഹ ബൈറൂത്ത് അദ്ധ്യായം 1, പേജ് 10)

സഹാബികൾ എല്ലാ സത്യസന്ധരും നീതിമാന്മാരുമായിരുന്നു വോ?

സഹാബാക്കളെല്ലാം നീതിമാന്മാരും സത്യനിഷ്ടതയുള്ളവരും ഉത്തമ സമൂഹവുമായിരുന്നുവെന്ന് കാര്യത്തിൽ അഹ്ലുസുന്നത് ഏകാഭിപ്രായകാരാണ്. ചില സുന്നിപണ്ഡിതന്മാരാകട്ടെ ഇക്കാര്യം വിശ്വാസത്തിന്റെ ഭാഗമായികണ്ടു.

ഇബ്നുനു ഹജറുൽ അസ്ഖലാനി, അൽ ഇസാബാഫി തംയീന്നിസ്സഹാബ്,(കൈറോ അദ്ധ്യായം 1, പേജ് 17–22)

* ഇബ്നുനു അബീഹാതിം അൽ റാസി അൽ ജർഹ് വൽ താദിൽ, (ഹൈദരാബാദ്) അദ്ധ്യായം 1, പേജ് 7–9)

* ഇബ്നുനുൽ ആതിർ, ഉസുദു അൽ ഗബാഫിമഅറിഫാത്തിസ്സഹാബ അദ്ധ്യായം 1, പേജ് 2–3 എന്നിവർ അക്കൂടത്തിൽപ്പെടുന്നു.

കാഴ്ചപ്പാടുകളെ അഭിപ്രായവ്യത്യാസങ്ങളുടെ അവിതർക്കിതമായ തെളിവുകളുടെ വെളിച്ചത്തിൽ കാണാൻ പ്രയാസമുണ്ട്. ഉദാരണത്തിന് താഴെ പറയുന്നത് നോക്കുക.

അസ്സുബൈർ ബദറിൽ അല്ലാഹുവിന്റെ പ്രവാചകരുടെ സൈന്യത്തിന്റെ മുൻനിരയിൽ പോരാടിയ ഒരു അൻസാരിയുമായി അവർ രണ്ടു പേരും കൂടി കൃഷി നനക്കാൻ ഉപയോഗിച്ചിരുന്ന അരുവിയിലെ വെള്ളം സംബന്ധിച്ചു ശണ്ഡകൂടിയതായി പറഞ്ഞു. അല്ലാഹുവിന്റെ പ്രവാചകൻ (സ) അസ്സുബൈറിനോട് പറഞ്ഞു. സുബൈർ, ആദ്യം നിന്റെ തോട്ടം നനക്കുക പിന്നെ എന്റെ നിന്റെ അയൽ വാസിയുടെ തോട്ടത്തിലേക്ക് വെള്ളം ഒഴിക്കിവിടുക. അൻസാരി ദേഷ്യത്തോടെ പ്രവാചകരോടു ചോദിച്ചു. ഇയാൾ നിങ്ങളുടെ മച്ചുണൻ .ആയതിനാലാണോ? ഇതു കേട്ട് പ്രവാചകരുടെ മട്ടുമാറുകയും അസ്സുബൈറിനോട് ഇങ്ങനെ പറയുകയുമുണ്ടായി. നിന്റെ തോട്ടം നിറഞ്ഞുകവിയുവോളം നനക്കുക അങ്ങനെ അല്ലാഹുവിന്റെ പ്രവാചകൻ അസ്സുബൈറിന് വെള്ളം ഉപയോഗിക്കാന്നുള്ള പൂർണ്ണമായ അവകാശം നൽകി. ആദ്യം പ്രവാചകൻ സഹിഷണുതയോടെ നല്കിയ വിധി അസ്സുബൈറിനും അൻസാരിക്കും ഗുണകരമായിരുന്നു. എന്നാൽ, അൻസാരി ആവിധിയെ ചോദ്യം ചെയ്തപ്പോൾ, അദ്ദേഹം അസ്സുബൈറിന് നിയമ പരിരക്ഷ അനുസരിച്ചുള്ള അവകാശം നല്കി, അസ്സുബൈർ പറയുകയുണ്ടായി ഈ വിഷയത്തിലാണ് താഴെ പറയുന്ന സൂക്തം അല്ലാഹുവിങ്കൽ എന്ന് അവതീർണ്ണമായതെന്ന് ഞാൻ കരുതുന്നു നാഥനാണ് സത്യം ഇല്ല അവർക്കിടയിലുള്ള തർക്കത്തിൽ നിന്നെ വിധികർത്താവാക്കുവോളം ആരും തന്നെ യഥാർത്ഥ വിശ്വാസി ആകുന്നില്ല. 4–65 (സഹീഹുൽ ബുഖാരി (ഇംഗ്ലീഷ് പരിഭാഷ അദ്ധ്യായം 3, ബുക്ക് 49, നമ്പർ 871)

സുന്നി പ്രമാണമനുസരിച്ച് പ്രവാചക(സ)യുടെ സഹാബിമാർ നബി ചര്യയുടെ ആധികാരിവക്താക്കളും വിമർശനാതീതരുമാണ്. അവരുടെ പ്രവർത്തികൾ അനുകരണനാർഹവുമാണ്. പ്രസ്തുത തർക്കത്തിൽ ഈ സഹാബി പ്രവാചക വിധിയെ സ്വീകരിക്കാതിരിക്കുക മാത്രമല്ല തൽ സംബന്ധമായി ഖുർആനിക സൂക്തം അവതീർണ്ണമാകാൻ കാരണമാവുകയും ചെയ്തു.

നിർഭാഗ്യകാരമെന്നു പറയട്ടെ ഇസ്ലാമിക! ചരിത്രം മുഴുകെ ഇതു പോലുള്ള ജനങ്ങളുടെ ഉദാഹരണങ്ങൾ കാണാം. സുന്നി മാനദണ്ഡമനുസരിച്ച് ഇത്തരക്കാർ സഹാബിയെന്ന് വിളിക്കപ്പെടുന്നു വെങ്കിൽ അനിസ്ലാമിക വഴിയാണ് അവരുടെ പെരുമാറ്റം പ്രവാചകകാലത്തും അതിനു ശേഷവും ഇത്തരക്കാർ ഉണ്ടായിട്ടുണ്ട്.

അൽ ഖലീദു ബിൻ ഉഖ്ബ

വിശ്വാസിആയിട്ടുള്ള ഒരാൾ അധർമ്മകാരിയെപോലെയാണോ? അവർ തുല്യരാണോ? (ഖുർആൻ അൽ സജദ സൂക്തം 18)

പ്രമുഖരായ സുന്നി വ്യാഖ്യാദാക്കൾ ഈ സൂക്തത്തിന്റെ അവതരണത്തിന് കാരണമായ ഉള്ളടക്കത്തെ സംബന്ധിച്ച് പറഞ്ഞത്. വിശ്വാസി എന്ന പദം അലിബിൻ അബുത്വാലിബിനെ സംബന്ധിച്ചും അർധമ്മകാരി (ഫാസിഖ്) എന്ന പദം അർത്ഥമാക്കുന്നത് നബി (സ)യുടെ അനുചരനായ അൽ ഖലീദു ബിൻ ഉഖ്ബബിൻ അബീമുഅയ്ത്തിനെയുമാണ് എന്നാണ്.

അൽ ഖുർതുബി – തഫ്സീർ (കൈറോ 1947 അധ്യായം 14, പേജ് 105)

അൽ ത്വബരി തഫ്സീർ ജാമി അൽ ബയാൻ

അൽ വാഹിദി, അസ്ബാബ് അൽ നൂസൂൽ ദാർ അൽ ദിയാൻ ലി തുറാത് പതിപ്പ് പേജ് 291)

ഈ ഖുർആനിക സൂക്തം വിശ്വാസികളെ, അധർമ്മകാരികളുടെ ജല്പനങ്ങളിൽ നിന്ന് തടനുന്നതായികാണാം.

സത്യവിശ്വാസികളെ അധർമ്മകാരി ഒരു വാർത്ത നിനക്കെത്തിച്ചാൽ, സത്യം തിരിച്ചറിയുക. ഒരു ജനതയുടെ അറിവില്ലായ്മ സംഭവിക്കുന്നതിന് മുമ്പ് അങ്ങനെ ചെയ്ത് പോയാൽ നിങ്ങളുടെ പ്രവർത്തിയിൽ നിങ്ങൾ ഖേദിക്കേണ്ടിവരും ( സൂറത്തുൽ ഹുജറാത്ത് സൂക്തം 160)

ഈ സൂക്തത്തിന്റെ വ്യാഖ്യാദാക്കൾ ചൂണ്ടിക്കാണിക്കുന്നത് രസകരമാണ്. മറ്റൊരു സംഭവത്തിൽ ഇതേ ഖലീദു ബിൻ ഉഖ്ബ മുന്നോട്ടുവെച്ച കാര്യത്തിലാണ് ഈ സൂക്തം അവതരിച്ചതത്രെ

ഇബുനു കസീർ, തഫ്സീറു ഖുർആൻ അൽ ആസിം (ബൈറൂത്ത് 1987) അദ്ധ്യായം 4 പേജ് 224)

അൽ ഖുർത്തുബി, തഫ്സീർ (കൈറോ 1947) അദ്ധ്യായം 16, പേജ് 311.

അൽ സുയൂത്തിയും അൽമഹല്ലിയും, തഫ്സീറുൽ ജലാലൈനി കൈറോ 1924) അദ്ധ്യായം 1, പേജ് 185)

അബൂ അമീന ബിലാൽ ഫിലിപ്, തഫ്സീറു സൂറ അൽ ഹുജറാത്ത് (റിയാദ്) പേജ് 62 –63)

അബൂഅമിന ബിലാൽ ഫിലിപ്പ് പറയുന്നത് കാണുക. സംശയകരമായ സ്വാഭാവമുള്ള ആളുകൾ വാർത്തയുമായി സമീപിച്ചാൽ സ്ഥിരീകരണത്തിന് വിലയ ശ്രദ്ധ ചൊലുത്തേണ്ടത് അത്യാവശ്യമാണ്. പാപികളെന്നതിനാൽ അവരുടെ വിശ്വാസത തെളിയിക്കപ്പെട്ടിട്ടില്ല. എന്നിരുന്നാലും സുന്നികളുടെ പ്രവാചകരിൽ നിന്നുള്ള ഹദീസു ശേഖര പാരമ്പര്യശാസ്ത്ര മനുസരിച്ചു അൽ വലീദിന്റെ കാര്യത്തിൽ താഴെ പറയുന്ന ഉദാഹരണങ്ങൾ കൂടി ശ്രദ്ധിക്കേണ്ടതാണ്.

അബൂദാവൂദ്, സുനൻ (1973) കിതാബുൽ സിറാജുൽ ബാബുൻ ഫിൽ ഖുലുഖ് ലി രിജാൽ അദ്ധ്യായം 4 പേജ് 404 ഹദീസു നമ്പർ 4181)

അഹമ്മദ് ബിൻ ഹമ്പൽ, അൽ മുസ്നദ്, അവ്വൽ മുസ്നദ് അൽ മദനിയ്യ അജ്മഈൻ ഹദീസ് 15784

അൽ വലീദിന്റെ അധാർമ്മികത പ്രവാചക കാലത്ത് മാത്രം പരിമിതമായിരുന്നില്ല. ഉസ്മാൻ(റ) കാലത്ത് കൂഫയിലെ ഗവർണറായി അദ്ദേഹം നിയമിതനായി. അവിടെയും തന്റെ ദാർഷ്യം തുടർന്നു. ഒരിക്കൽ അദ്ദേഹം മദ്യലഹരിയിൽ സുബ്ഹി നിസ്കാരത്തിന് ഇമാമായി രണ്ടിന് പകരം നാലുറകഅത്ത് നിസ്കരിച്ചു. അതിനെ തുടർന്നു ഉസ്മാൻ (റ) ന് ശിക്ഷ വിധിച്ചു. മേൽ പ്രസ്താവിച്ചവർ ഉൾപ്പെടെ ധാരാളം പേർ ഈ സംഭവം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതു പോലെ.

സഹീഹുൽ ബുഖാരി( ഇംഗ്ലീഷ് ഭാഷ അദ്ധ്യായം 5 ബുക്ക് 57 നമ്പർ 45, അദ്ധ്യായം 5, ബുക്ക് 58 നമ്പർ 212.

അൽ ത്വബരി താരീഖു (ഇംഗ്ലീഷ് പരിഭാഷ ഹിസ്റ്ററി ഓഫ് അൽ ത്വബരി (ആദ്യ ഖലീഫ മാരുടെ പ്രതിസന്ധികൾ) അദ്ധ്യായം 15 പേജ് 120.

ഈ പരസ്യപാപിയുടെ പിന്നിൽ നിന്ന് പ്രാർത്ഥിക്കുന്നതിന് നിയമ പ്രാബല്യമുണ്ടെന്ന സുന്നി നിയമ പടുക്കളുടെ അഭിപ്രായം അൽ വാദിനെപ്പോലുള്ള ഫാസിഖുകളെ ആദരിക്കുന്നതാണ്.

അലി അൽ ഖാരി അൽ ഹറവി അൽ ഹനഫി ശറഫ് ഫിഖുഹുൽ അകബർ, നല്ലവനായ ഒരാളുടെയും ചീത്തയായ ആളുടെയും പിന്നിൽ നിന്ന് പ്രാർത്ഥിക്കുന്നത് അനുവദനീയമാണ്. പേജ് 90 ഇബുനു തിമിയ, മജ്മഉഫതാവാ (റിയാദ് 1381 അദ്ധ്യായം 3 പേജ് 281)

കഴിഞ്ഞതു പോകട്ടെ?

നാം അൽ വലീദിനെ പോലുള്ള സഹാബികളുടെ പിഴവുകൾ തുറന്നു കാണിക്കുന്നത് പരദൂഷണം പറയുക എന്ന ദുരദ്ദ്യേശത്തോടെ അല്ല. പകരം മുസ്ലിംകൾ വിവരങ്ങൾ ശേഖരിക്കുമ്പോൾ ഇസ്ലാമിക പ്രമാണങ്ങളുടെയും പ്രവാചകചര്യയുടെയും അടിസ്ഥാനമാക്കി കൂടുതൽ ശ്രദ്ധിക്കണമെന്ന അർത്ഥത്തിലാണ് സഹാബാക്കളുടെ അവരുടെ പ്രവർത്തിയും വാക്കു

കളും സൂക്ഷമമായി വിലയിരുത്തി സത്യസന്ധയും സ്വഭാവഗുണങ്ങളും വിലയിരുത്തിവേണം തിരിച്ചറിയാൻ ഇതിനു പുറമെ നബി(സ) നമ്മോട് താക്കീതു ചെയ്തു.

നിന്റെ മുമ്പിലുള്ള തടാകത്തിൽ ഞാൻ എത്തിച്ചേർന്നു അവനാകട്ടെ എന്റെ മുന്നിലൂടെ കടന്നുപോയി വെള്ളം കുടിച്ചു. അവന് പിന്നീടൊരിക്കലും ദാഹിക്കില്ല. ഞാൻ അറിയുകയും എന്നെ അറിയിക്കുകയും ചെയ്യുന്ന ആളുകൾ എന്റെ അടുത്തു വന്നു എന്നാൽ ഞങ്ങൾ തമ്മിൽ ഒരിക്കൽ പിരിയേണ്ടി വരും, അതിനാൽ ഞാൻ പറയട്ടെ, എന്റെ സഹാബികൾ ഒരുത്തരമുണ്ട്. നിനക്കറിയുമോ നിന്റെ ശേഷം അവരെന്താണ് ചെയ്യുകയെന്ന്? ഞാൻ പറയട്ടെ എനിക്കു ശേഷം മാറ്റം സംഭവിക്കുന്നവർ വിട്ടുനില്കട്ടെ! സഹീഹൽബുഖരായി (ഇംഗ്ലീഷ്) അദ്ധ്യായം 8 ബുക്ക് 76 നമ്പർ 585.

സഹാബികളെപറ്റി ശിയാക്കളുടെ അഭിപ്രായം

ഖുർആനിൽ വാഴ്ത്തപ്പെട്ട സത്യസന്ധരായ പ്രവാചകഅനുചരന്മാരെ ശിയാക്കൾ സ്നേഹിക്കുന്നു. ഈ വാഴ്ത്തിപ്പറയൽ വലീദുബിൻ ഉഖുബയെപ്പോലുള്ള വ്യക്തികളെ ഉൾക്കൊള്ളുന്നില്ല. സുന്നി പ്രമാണമനുസരിച്ച് അദ്ദേഹം അനുചരനാണെങ്കിലും, അദ്ദേഹത്തെ മാതൃകയും സുന്നത്തിന്റെ പ്രതിരൂപവുമായി പരിഗണിക്കാൻ കഴിയില്ല. അതിനാൽ ശീഇകള് പ്രവാചക അനുചരന്മാരുടെ എല്ലാ വരുടേയും ലൗകിക അണ്തയിൽ വിശ്വസിക്കുന്നില്ലെങ്കിലും, ഓരോരുത്തരുടെയും ചരിത്രം പരിശോധിക്കുകയും പ്രവാചക സന്ദേശത്തിന് എത്രത്തോളം വിധേയത്വമുണ്ടെന്ന് നോക്കുകയും ചെയ്യുന്നു. തീർച്ചയായും അങ്ങനെയുള്ള ധാരാളം പ്രവാച കാനുചരന്മാർ ഉണ്ട്. അമ്മാർ, മിഖ്ദാദ്, അബൂദറ് സൽമാൻ, ജാവിർ, ഇബുനു അബ്ബാസ് ഉൾപ്പെ ടെയുള്ള ധാരാളം പേർ നാലാം ശിഈ ഇമാം സൈനുൽ ആബിദീൻ (അ) ഇവരെ പ്രശംസിക്കു കയും അല്ലാഹുഅവരെ തൃപ്തിപ്പെടട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്തിടത്ത് ഞങ്ങൾ കാര്യ ങ്ങൾ അവസാനിപ്പിക്കുന്നു. അല്ലാഹുവെ പ്രവാചകരുടെ പ്രത്യേകക്കാരായ അനുചരന്മാർ അവർ നല്ല വണ്ണം പ്രവാചകനുമായി സഹവസിക്കുകയും അദ്ദേഹത്തെ സഹായിക്കുന്നതിൽ സഹകരിക്കുകയും അദ്ദേഹത്തിന്റെ സന്ദേശങ്ങൾ ഉത്തരവാദിത്വത്തോടെ കേട്ടുമനസ്സിലാക്കു കയും ചെയ്തവർക്കു വേണ്ടി നല്ലവരായ നിന്റെ ദാസന്മാർക്ക് മാനവസൃഷ്ടിയുടെ സംരക്ഷണ ത്തിനു വേണ്ടി നീ നീമാത്രം പ്രദാനം ചെയ്യുന്ന പ്രത്യേക അനുഗ്രഹത്തിൽ നീ അവരെ ഉൾപ്പെ ടുത്തേണമേ.

(ഇമാം സൈനുൽ ആബിദീൻ സഹീഫ അൽകാമില ഇംഗ്ലീഷ് പരിഭാഷ ലണ്ടൻ 1988, പേജ് 27.

## 4.മുഹമ്മദ് നബിയുടെ പൈതൃകം                                  "എനിക്ക്

**വിളിക്കു**ത്തരം നൽകാൻ (മരണം) സമയമായി. വിലപ്പെട്ട രണ്ടുകാര്യങ്ങൾ (സഖലൈനി) നിങ്ങൾക്കായി വിടുകയാണ്. ഒന്ന് അല്ലാഹുവിന്റെ ഗ്രന്ഥവും മറ്റേത് അഹ്ലുബൈത്ത്. ഹൗളൽകൗസറിന്റെ സമിപത്ത് അവർ എന്റയടുത്തു എത്തുവോളം ഇവ രണ്ടിനെയും വേർപിരിക്കാൻ സാധ്യമല്ല". നബി (സ)യുടെ പ്രമാണികമായ ഹദീസാണിത്. 30ഓളം സഹാബികൾ റിപ്പോർട്ടു ചെയ്തതും ധാരാളം സുന്നിപണ്ഡിതന്മാർ രേഖപ്പെടുത്തിയതുമാണ്. ഈ ഹദീസിന്റെ പ്രസിദ്ധമായ ഉറവിടങ്ങളിൽ ചിലത് താഴെകൊടുക്കുന്നു.

അൽ ഹക്കീമുൽ നൈസാംബൂരി, അൽ മുസ്തബ്റക്ക് അലാ അൽ സഹീഹൈൻ (ബൈദൂത്) ബുഖാരി മുസ്ലിം എന്നവരുടെ ഹദീസു പരിഗണനാശാസ്ത്രമനുസരിച്ച് ഇതിന്റെ റാവികളുടെ പരമ്പര സഹീഹാണെന്ന് അദ്ദേഹം വ്യക്തമാക്കി.

അൽതിർമുദി, അൽസഹിഹ് വോള്യം 5, പേജ് 621,2 നമ്പർ 3786, 3788 വോള്യം 2, പേജ് 219

അന്നസായി ഖസാഇസ് അലി ബിൻ അബീത്വാലിബ്,ഹദീസ് നമ്പർ 79.
അഹമ്മദ് ബിൻ ഹമ്പൽ, അൽമുസ്നദ് വോള്യം 3, പേജ്14,17,26– വോള്യം 3, പേജ് 26, 59. വോല്യം 4, പേജ്. 371. വോല്യം 5 പേജ് 181,182– 189,190.

ഇബുനുൽ ആതിർ, ജാമിഉൽ ഉസൂൽ വോല്യം 1, പേജ് 277.
ഇബിനുകസീർ, അൽബിദായ വൽനിഹായ വോല്യം 5, പേജ് 209 . അദ്ദേഹം അദ്ദഹബിയെ ഉദ്ധരിക്കുകയും ഈ ഹദീസ് സഹീഹാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു.

ഇബുന്നു കസീർ തഫ്സിറുൽ ഖുർആൻ ആൽ ആസിം
നാസിറുദ്ധീൻ അൽഅൽബാനി, സിൽസിലാത്ത് അൽഅഹാദീസ് അൽ സഹിഹു കുവൈറ്റ് അൽദാർ, സലഫിയ.പേജ് 3538

പരിഗണനാർഹമായ ധാരാളം രാവികളെ അദ്ദേഹം എടുത്തുപറയുന്നുണ്ട്. ഇവിടെ ഉദ്ധരിച്ചതിനെക്കാളേറെ രാവികൾ ഈ ഹദീസിനുണ്ട്.                    പ്രവാചകൻ (സ) പറഞ്ഞിട്ടില്ലേ ഞാൻ (രണ്ടുകാര്യങ്ങൾ) വിട്ടേച്ചുപോകുന്നു. അല്ലാഹുവിന്റെ ഗ്രന്ഥവും എന്റെ സുന്നത്തുമാണവ. ഇത് ഒരു സാധാരണ തെറ്റിദ്ധാരണയാണ്. പ്രവാചകർ (സ)യുടെ അവസാനത്തെ ചടങ്ങിനോട് ചുമത്തി പറയുന്ന ഈപ്രസ്താവനയ്ക്ക് വിശ്വസനീയമായ അടിസ്ഥാനമില്ലെന്നതാണ് വസ്തുത. സിഹാഹുസീത്ത (ആറ്പ്രമുഖഹദീസുഗ്രന്ഥങ്ങൾ) യിൽ ഒന്നിൽപോലും ഇതിന് സ്ഥാനമില്ല. മാലിക്കി ഇമാമിന്റെ മുവത്വയിലും ഇമ്പുന്ന ഹിഷാമിന്റെ സീറത്തുറസൂലുല്ലയിലും, ത്വബരിയുടെ താരീഖിൽ ഇബുനു ഹിശാമിനെ പരാമർശിച്ചുമെല്ലാം പറയുന്നിടത്ത് ഹദീസിന്റെ റാവികൾ വിട്ടുപോയതായും റാവികൾ തമ്മിലുള്ള പൊരുത്തക്കേടും പ്രകടമാണ്. റാവികൾ പൂർണ്ണമായികാണപ്പെടുന്നിടത്ത് തന്നെ പ്രസ്തുത റാവികളെ സംബന്ധിച്ച് അവിശ്വസനീയരാണെന്ന് എല്ലാവരും ഏകകണ്ഠമായി വിധിയെഴുതിയവരുമാണ്. ഈ പ്രമാണങ്ങൾ ഗവേഷണം നടത്തികണ്ടുപിടിക്കാൻ താത്പര്യമുള്ളവർ ഈ കാര്യം വിശകലനംചെയ്യട്ടെ.                    പ്രവാചകർ (സ)യുടെ സുന്നത്ത് അനുഗമിക്കേണ്ടതില്ല എന്ന് ആരും അഭിപ്രായപ്പെട്ടിട്ടില്ല. എന്ന് വ്യക്തമാക്കിക്കൊള്ളട്ടെ. എന്നാൽ,മുമ്പ് പറഞ്ഞതുപോലെ, പ്രവാചകൻ (സ) തന്റെ അഹ്ലബൈത്തിനെ മുസ്ലികൾ സുന്നത്തിന്റെ പരിശുദ്ധരും നീതിമാന്മാരുമായി പരിഗണക്കാൻ നബി(സ) ആഗ്രഹിച്ചു.
പ്രവാചക(സ)യുടെ കുടുംബത്തെപ്പറ്റി സവിശേഷമായി എന്തുണ്ട് ?
'(മുഹമ്മദേ)' പറയുക, "ഞാൻ ഇതിനു(അല്ലാഹുവിന്റെ സന്ദേശം എത്തിക്കുന്നതിനു) പ്രതിഫലമൊന്നും നിങ്ങളോട് ആവശ്യപ്പെടുന്നില്ല. എന്റെ രക്തബന്ധമുള്ളവരോടുള്ള സ്നേഹമൊഴികെ 42:23 എന്ന സൂക്തം അവതരിപ്പിച്ചപ്പോൾ, മുസ്ലികൾ പ്രവാചകനോട് ചോദിച്ചു.
'ആരാണ് അങ്ങയുടെ അടുത്ത ചാർച്ചക്കാർ? ഞങ്ങൾസ്നേഹിക്കാൻ കടപ്പെട്ടവരായി ആരാണ്? അദ്ദേഹം പറഞ്ഞു' അലി, ഫാത്തിമ, അവരുടെ രണ്ടാൺമക്കളും."

അൽഹക്കീം അന്നൈസാമ്പൂരി, അൽമുസ്തബ്റക്ക് അലാ അൽ സഹീഹൈനി. വോല്യം 2, പേജ് 444
അൽ ഖസ്തല്ലാനി, ഇർഷാദുൽസാരി ശറഹുസഹീഹുൽ ബുഖാരി വോള്യം 7, പേജ് 331

അൽസുയുത്വി, അദുറുൽ മൻളൂർ വോള്യം 6, പേജ് 6–7 അൽ അലൂസി അൽ ബഗ്ദാദി ,റൂഹുൽ മാആനി, വോല്യം 25, പേജ് 31–2

അഹ്ലുബൈത്തിന്റെ വിശ്വാസ്യതയും ധർമ്മവും വ്യക്തമാക്കുന്ന ഖുർആൻസൂക്തം നജ്റാനിലെ കൃസ്താനികളുമായുള്ള തർക്കത്തിന്റെ പശ്ചാത്തലത്തിൽ അവതരിപ്പിക്കുകയുണ്ടായി. എന്നാൽ നിനക്ക് അറിവുലഭിച്ചശേഷം ആ കാര്യത്തിൽ ആരാണോ നീയുമായി തർക്കിക്കുന്നത് അവരോട് പറയുക. വരിക നമ്മുടെ സന്താനങ്ങളെയും നിങ്ങളുടെ സന്താനങ്ങളെയും വിളിച്ചുകൂട്ടാം. ഞങ്ങളുടെ സ്ത്രീകളെയും നിങ്ങളുടെ സ്ത്രീകളെയും ഞങ്ങളുടെ അടുത്ത

ബന്ധുക്കളെയും തങ്ങളുടെ അടുത്ത ബന്ധുക്കളെയും എന്നിട്ടു നുണയന്മാർക്ക് അല്ലാഹുവിന്റെ ശാപമുണ്ടാകട്ടെ എന്ന പ്രാർത്ഥിക്കാം. (3–61) ഈസൂക്തം അവതരിപ്പിച്ചപ്പോൾ പ്രവാചകർ (സ) അലി, ഫാത്തിമ ഹസൻ, ഹുസൈൻ എന്നിവരെ വിളിച്ചുകൂട്ടി പറഞ്ഞു. അല്ലാഹുവേ, ഇതാണെന്റെ കുടുംബം (അഹ്‌ലി)

മുസ്‌ലിം അൽസഹീഫ് (ഇംഗ്ലീഷ് പരിഭാഷ) 031, നമ്പർ 5915

അൽഹക്കീം– അൽനൈസാമ്പൂരി, അൽമുസ്ഥബ്‌റക്ക് അലാ അസ്സഹീഹൈൻ യുടെയും മുസ്‌ലിമിന്റെയും പ്രമാണങ്ങൾക്കനുസരിച്ച് ഈ ഹദീസ് സഹീഹാണെന്ന് അദ്ദേഹം സമർത്ഥിക്കുകയും ചെയ്യുന്നു.

ഇബ്നുനു ഹജറുൽ അസ്ഖലാനി, ഫത്ഹുൽ ബാരി ശറഹ സഹീഹുൽ ബുഖാരി അൽതിർമുദി, അസ്സഹീഹ്, കിതാബുൽ മനാഖിബ് അധ്യായം 5 പേജ് 596.

അഹമ്മദ് ബിൻ ഹമ്പൻ, അൽമുസ്നദ്

അൽസുയൂത്വി സത്യമാർഗ്ഗം അവലംബിച്ച ഖലീഫമാരുടെ ചരിത്രം. (ലണ്ടൻ 1995) പേജ് 176.

അഹ്‌ലു ബൈത്തിനോട് വേണ്ടത്ര ആദരവ് കാണിച്ചിരുന്നുവോ?

പരിശുദ്ധ ഖുർആനിനോട് ആദരവ് കാണിച്ചാൽ മാത്രം മതിയോ?മുസ്‌ലികൾക്ക് പരിശുദ്ധഖുർആനിനെ അനുധാവനം ചെയ്യുകയല്ലാതെ മറ്റുമാർഗ്ഗമില്ല. അത് എല്ലാകാര്യത്തിലും ദൈവിക സന്ദേശമാണ് മുസ്‌ലികൾക്ക് അനുധാവനം ചെയ്യാൻ മുഹമ്മദ് നബി (സ) രണ്ടുകാര്യങ്ങളാണ് വിട്ടേച്ചു പോയത് അന്ത്യനാൾവരെ രണ്ടും വിട്ടു പിരിക്കാനാവാത്ത പരസ്പര ബന്ധിതമാണെന്ന് വാഗ്ദാനം ചെയ്യുകയുമുണ്ടായി. ഖുർആനോട് അഹ്‌ലുബൈത്ത് കൂടിച്ചേരുമ്പോൾ, മുഹമ്മദ് നബി(സ) നമ്മോട് പറയുന്നത് ഇവയോട് ആദരവുകാണിക്കാൻ മാത്രമല്ല. ഇസ്‌ലാമിക പ്രമാണങ്ങളുടെയും അനുഷ്ഠാനത്തിന്റെയും, ഹദീസിന്റെയും, തഫ്സീറിന്റെയും അവരിൽ നിന്നുള്ള വ്യാഖ്യാനമാണ്. എന്റെ അഹ്‌ലുബൈത്ത് നൂഹ് നബിയുടെ കപ്പൽ പോലെയാണ് .ആർ അതിൽ കയറി പ്പറ്റുന്നുവോ അവർ രക്ഷപ്പെട്ടു. ആർ തിരിഞ്ഞു നടക്കുന്നുവോ അവർ നശിച്ചു. അൽഹക്കീം അൽനൈസാംമ്പൂരി, അൽമുസ്തബുറക്ക്, അലാഅൽ സഹീഹൈൻ .വോള്യം 3, പേജ് 151, വോള്യം 2, പേജ് 343. മുസ്‌ലിമിന്റെ നിബന്ധന പ്രകാരം ഈ ഹദീസ് സഹീഹാണെന്ന് അദ്ദേഹം സമർത്ഥിക്കുന്നു.

അൽസുയൂത്വി, അദുറുൽ മൻളൂർ, വോള്യം1 പേജ് 7172 ഇബ്നുനുഹജറുൽ മക്കി അസ്സവായിഖ് അൽ മുഹറിഖ പേജ് 140. റിവായത്തിന്റെ ധാരാളം ശൃംഖലകൾ ഈ ഹദീസിനെ ബലപ്പെടുത്തുന്നുവെന്ന് അദ്ദേഹം സ്ഥിരീകരിക്കുന്നു.

അഹ്‌ലുബൈത്തിൽ ആരൊക്കെ ഉൾപ്പെടും.

ഇത് കാണിക്കുന്നത് മുഹമ്മദ് നബി(സ) യുടെ കുടുംബം– അതിന്റെ അവാന്തരങ്ങളും അഹ്‌ലുബൈത്താണെന്നാണ് അതിൽ വരുന്നത് അദ്ദേഹത്തിന്റെ മകൾ ഫാത്തിമത് സഹ്റ, അവരുടെ ഭർത്താവ് ഇമാം അലി. മക്കളായ ഇമാം അൽഹസൻ, ഇമാം അൽഹുസൈൻ (അ) എന്നിവരാണ്, ഈ അഞ്ച് കുടുംബാംഗങ്ങൾ, അവരുടെ തലവനായി മുഹമ്മദ് നബി (സ)യുമാണ്. പ്രവാചകന് ഖുർആനിക സൂക്തം അവതീർണ്ണമാകുമ്പോൾ ഉണ്ടായിരുന്നത്. എന്നാൽ ഹുസൈൻ പിൻമുറക്കാരിൽ 9 പേർ ഈ തെരഞ്ഞെടുക്കപ്പെട്ടവരുടെ കൂട്ടത്തിൽപ്പെടും. അവസാനത്തേത് ഇമാം അൽമഹ്ദി (അ) ആയിരിക്കും.

പ്രവാചകൻ (സ) പറഞ്ഞു.

ഞാൻ, അലി, ഹസൻ ഹുസൈൻ എന്നിവരും ഹുസൈന്റെ ഒമ്പത് പിൻമുറക്കാരും പരിശുദ്ധരും ധർമ്മകാരികളുമാണ്. (അൽജുവൈനി) ഫറാഇദ് അൽ സീമതൈൻ (ബൈറൂത്ത് 1978) പേജ് 160 അൽജുവൈനിയുടെ ഹദീസ് പാണ്ഡിത്യത്തിലെ  പ്രാഗൽഭ്യം തദ്കീറത്തുൽ ഹുഫാസ് എന്ന ഗ്രന്ഥത്തിൽ അൽദഹബി അംഗീകരിക്കുന്നത്. വോള്യം 4, പേജ് 298 അതു തന്നെ ഇബ്നുഹജറുൽ അസ്ഖലാനി ദുറർ അൽകാമിന എന്നീ ഗ്രന്ഥത്തിലും പറയുന്നു ധ്ീഹ 1 , ജമഴല 67പ

ഞാൻ പ്രവാചകന്മാരുടെ നേതാവാണ്. അലിയാവട്ടെ പിൻതുടർച്ചക്കാരുടെ നേതാവുമാണ്. എന്റെ ശേഷം എൻറെ പിൻതുടർച്ചക്കാർ പന്ത്രണ്ടായിരിക്കും. അതിൽ ആദ്യത്തേത് അലിയും അവസാനത്തേത് അൽ മഹദിയുമാണ്. (അൽജുവൈനി, ഫറാഇദ് അൽസിമതൈൻജമഴല 160 അൽ മഹ്ദി അഹ്‌ലുബൈത്തിൽ പെട്ടവനാണ് എന്നും അൽ മഹ്ദി എന്റെ കുടുംബത്തിൽ പെട്ടവനും ഫാത്തിമയുടെ സന്താനപരമ്പരയിൽ പെട്ടവനുമാണെന്നും ധഇബ്നു മാജ, അൽസുനൻ്ീഹ 2, ുമഴല 519, ചീ 40856, അബൂദാവൂദ് അൽ സുനൻ്ീഹ 2, ുമഴല 207പ

പ്രവാചക പത്നിമാരെപ്പറ്റി?

പരിശുദ്ധതയുടെ ആയത് തീർച്ചയായും അല്ലാഹു ഉദ്ദേശിക്കുന്നു എന്നുതുടങ്ങുന്ന ആയത് അവതരിപ്പിക്കുമ്പോൾ നബി(സ) പത്നി ഉമ്മുസൽമയുടെ വസതിയിലായിരുന്നു. പ്രവാചകൻ; അൽ ഹസൻ, അൽഹുസൈൻ, ഫാത്തിമ, അലി എന്നിവരെ വിളിച്ചു ഒരു പുതപ്പിൽ അവരെ കൂട്ടിപിടിച്ചു. എന്നിട്ട് പറഞ്ഞു: അല്ലാഹുവേ ഇതാന്റെ കുടുംബം (അഹ്‌ലുൽ

ബൈത്ത്) എല്ലാ അശുദ്ധിയിൽ നിന്നും കാത്ത് രക്ഷിക്കേണമേ, പൂർണ്ണമായ പരിശുദ്ധത നൽകി അവരെ പരിശുദ്ധരാക്കേണമേ ഉമ്മു സൽമ ചോദിച്ചു "അല്ലാഹുവിന്റെ ദൂതരെ, ഞാൻ അവരുടെ കൂട്ടത്തിൽ പെടുമോ"?

നബി (സ) പറഞ്ഞു "നീ നിന്റെ സ്ഥാനത്ത് നിലകൊള്ളുക നീ സച്ചരിതയാണ്" (അൽ തിർമിദി, അൽ സഹീഹ് അധ്യായം 5 പേജ് 351,663)
അൽ ഹക്കിം അൽ നൈസാബൂരി, അൽ മുസ്തബുറക്ക് അലാ അസ്സാഹി ഹൈനി അധ്യായം 2, പേജ് 416 ഇമാം ബുഖാരിയുടെ നിബന്ധന പ്രകാരം ഇത് സഹീഹാണെന്ന് അദ്ദേഹം സമർത്ഥിക്കുകയും ചെയുന്നു.

അൽ സുയ്യൂത്വി അൽ ദുറുൽ മൻളൂർ (അധ്യായം5, പേജ് 197)

33:33സൂക്തവും തുടർന്നുള്ള നബി(സ)യുടെ പത്നിമാരെ അഭിസംബോധന ചെയ്തുള്ള പ്രസ്ഥാവനകളും സ്ത്രീലിംഗ വിഭഷണ പദമാണ് ഉപയോഗിച്ചതെന്നതെല്ലാം ഇതിനു തെളിവാണ്. എന്നാൽ പരിശുദ്ധതയുടെ സൂക്തത്തിൽ പുല്ലിംഗമോ സംയുക്ത ലിംഗ പദമോ ആണ് ഉപയോഗിച്ചത്. ഇത് കാണിക്കുന്നത്, വ്യത്യസ്ഥ വ്യക്തികളെ ഉദ്ദേശിച്ചുള്ള സ്വതന്ത്രമായ അവതരണമാണെന്നാണ്.

ഉപസംഹാരം

ഇക്കാരണത്താലാണ് ശിയാ മുസ്ലിംകൾ ചെറിയ ഗുളിക കൊണ്ടു നടക്കുന്നത്. കർബലയിലെ മണ്ണുകൊണ്ടുണ്ടാക്കിയതാണത്. ഇതിൽ സുജ്ജൂദ് ചെയ്യുന്നത് ഉന്നതമായ പ്രവാചക ചര്യ അവംലംബിക്കുന്നതിലൂടെ ഉന്നത സ്ഥാനം കരസ്ഥമാക്കാൻ അവരെ പ്രാപ്തമാക്കുന്നു

# 5.അത് സത്യമല്ല!!!

തുടക്കം മുതൽ ഇന്നേവരെയുള്ള പ്രമുഖരായ പന്ത്രണ്ട് ശിയാപണ്ഡിതൻമാർ അവതീർണ്ണമായ സമ്പൂർണ്ണ ഖുർആനിൽ വിശ്വസിക്കുന്നവരാണ് ആദ്യകാലത്തെ പ്രസിദ്ധപണ്ഡിതൻമാരിൽ ചിലർ അവരുടെ ഗ്രന്ഥങ്ങളിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. അതിൽ ചിലത്.
ശൈഖ് അൽസാദുഖ് (ഡി 381 ഹിജറ),കിതാബുൽ ഇത്തിഖാദാത്ത്, (തെഹറാൻ 1370 )
ശൈഖ്അൽമുഫീദ് (ഡി. 413എ.എച്ച്) അവാഇലുൽമഖാലാത് പേജ് 55–6
ശരീഫ് അൽമുർതദ (ഡി. 436 എ.എച്ച്) ബഹറുൽ ഫവാഇദ് (തഫ്റാൻ 1314)
ശൈഖ് അൽതൂസി (ഡി. 460. എ.എച്ച്) തഫ്സിറൂതി ബുയാൻ (നജഫ് 1376)
ശൈഖ് അത്ത്ബ്റാസി (ഡി. 548) മജ്മഉൽബയാൻ (ലബ്നോൻ)

അതിനുശേഷക്കാരായ പണ്ഡിതന്മാർ ഇതേവീക്ഷണം വച്ചുപുലർത്തി. അതിൽ ചിലർ

മുഹമ്മദ് മുഹ്സിൻ അൽഫയിദ് അൽകഷാനി ഡി 1019എച്, അൽവാഹി, അൽസ്സഹ ഫീ തഫിസീർ അൽ ഖുർആൻ, മുഹമ്മദ് ബാഖിർ അൽ മജ്ലിസി ബിഹാർ അൽ അൻവാർ, അധ്യായം 89. പേജ് 75.

ഈ വിശ്വാസം ഇന്നും വിഘ്നം കൂടാതെ തുടർന്നു പോരുന്നു. ഈ നൂറ്റാണ്ടിലെ ശിആ പണ്ഡതന്മാർ, ഖുർആൻ പൂർണ്ണമായി സംരക്ഷിക്കപ്പെടുമെന്നും മാറ്റം കൂടാതെ നിലകൊള്ളുമെന്നും വിശ്വസിക്കുന്നു പ്രസിദ്ധരായ അക്കൂട്ടത്തിൽപ്പെടുന്നു. ചിലനാമങ്ങളിതാ. സയ്യിദ് മുഹ്സിന് അൽ അമീൻ അൽ അമിലി (ഡി. 1371 എച്ച്) സയ്യിദ് ശറഫുദ്ധീൻ അൽ മൂസവി (ഡി. 1377 എച്ച്) ശൈഖു മുഹമ്മദ് ഹുസൈൻ കാശിഫ് അൽ ഗിതാ (ഡി. 1373 എച്ച്) സയ്യിദ് മുഹ്സിൻ അൽ ഹക്കിം (ഡി. 1390 എച്ച്) അല്ലാമാ അൽ തബ്താബി (ഡി. 1402 എച്ച്) സയ്യിദ് റൂഹുല്ലാ അൽ ഖുമൈനി (ഡി. 1409 എച്ച്) സയ്യിദ് അബൂഖാസിം അൽ ഖുയി (ഡി. 1413 എച്ച്) സയ്യിദ് മുഹമ്മദ് റിദാ അൽ ഗുൽ പയ്ഗനി (ഡി. 1414 എച്ച്) ഇതൊരിക്കലും പൂർണ്ണമായ ലിസ്റ്റല്ല.

ഈ പണ്ഡിതന്മാരുടെ മുൻഗാമികളായ ശിയാക്കൾ തഅ്രീമിൽ വിശ്വസിച്ചിരുന്നുവോ? ഒരിക്കലുമില്ല, ഉദാഹരണത്തിന് ഉബൈദുല്ലാബിൻ മൂസ അൽ അബ്സിന്റെ ( 120 – 213 എച്ച്) കാര്യമെടുക്കാം അദ്ദേഹം ആദരണീയനായ ഒരു ശിഈ പണ്ഡിതനും അത്തഹ്ദീബു, ഇസ്തിബ്സാർ പോലുള്ള പ്രശസ്ഥ ശീഈ ഹദീസ് ഗ്രന്ഥങ്ങളിൽ അദ്ദേഹത്തിന്റെ പരാമർശങ്ങൾ കാണാൻ കഴിയുന്നതുമാണ്. ഇപ്പോൾ നമുക്ക് അദ്ദേഹത്തെ പറ്റി സുന്നി പണ്ഡിതന്മാർ പറയുന്നത് എന്താണെന്ന് നോക്കാം.

ഒരു മുത്തഖി (ഭക്തിയുള്ളവർ ) പ്രധാനപ്പെട്ട ശിആ പണ്ഡിതരിൽ ഒരാൾ, യഹ്യ ബിൻ മആയിൻ വിശ്വസ്തനായി പരിഗണിക്കുന്നവൻ, അബ്ദ ഹാതിം പറഞ്ഞു അയാൾ വിശ്വസ്തനും അംഗീകൃതനുമാണ് അൽ ഇജ് ലി പറഞ്ഞു ഖുർആനെ സംബന്ധിച്ചു അദ്ദേഹത്തിന് ആധികാരികജ്ഞാനമുണ്ട്.....അൽ ദഹബി, തദ്കിറത്തുൽ ഹുഫ്ഫാസ് (ഹൈദരാബാദ് 1333 എച്ച്) അധ്യായം 1 പേജ് 322)

അദ്ദേഹം കർമ്മ ശാസ്ത്രത്തിന്റെയും ഹദീസിന്റെയും ഇമാമാണ്, ഭയവും സത്യസന്ധതയും മൂലം അദ്ദേഹത്തിന്റെ സ്വഭാവം ഖുർആനികമാണ്. എന്നാൽ അദ്ദേഹം ശിആ പ്രമുഖരിൽ ഒരാളാണ്.

ഉബൈദുല്ല സത്യസന്ധനായിപരിഗണിക്കപ്പെടുന്നുവെങ്കിലും ശിആ ആയതിന്റെ പേരിൽ അദ്ദേഹത്തെ ദുഷിക്കുകയും ചെയ്യുന്നു. പ്രമുഖ സുന്നി ഹദീസ് ഗ്രന്ഥങ്ങളായ ബുഖാരി, മുസ്ലിം ഉൾപ്പെടെ ധാരാളം ഹദീസ് ഗ്രന്ഥങ്ങൾ അദ്ദേഹം മുഖേനയുള്ളരിവായത്ത് അംഗീകരിക്കുന്നു.

റവല ഇൃലമറ ീള വേല കാമാ ീള ഒമറശവേ അഹ ആൗസവമൃശ, ടമഹമളശ ജൗയഹശരമമശേീി, ഢഗ 1997) ജജ. 8789

ചോദ്യം. ഖുർആന്റെ മൂന്നിരട്ടി വലിപ്പമുള്ള മശാഫ് ഫാത്തിമ യെ ശിയാക്കൾ അംഗീകരിക്കുന്നില്ലേ?
ഖുർആൻ ഒരുമശാഫ് (ഗ്രന്ഥം) ആണ്. എന്നാൽ ഏത് ഗ്രന്ഥവും ഖുർആനുവേണ്ടതില്ല. ഫാത്തിയ്ക്ക് ഒരു ഖുർആനില്ല. മശാഫ് ഫാത്തിമ എന്നത് പ്രവാചക(സ)ടെ മരണശേഷം ഫാത്തിമസ്വയം എഴുതിയതോ അല്ലെങ്കിൽ എഴുതിച്ചതോ ആണ്. അതു ഖുർആനിന്റെ ഭാഗമല്ല. അല്ലാഹുവിന്റെ കല്പനകളോ വിധിവിലക്കുകളോ അതിൽ പരാമർശിക്കുന്നുമില്ല.

ചോദ്യം : ശിആഹദിസുശേഖകരണത്തിൽ പാരമ്പര്യത്തിന് യോജിക്കാത്ത –ഇന്നുനമ്മുടെ കയ്യിലുള്ള ഖുർആനിക സൂക്തങ്ങളിൽ മറ്റു പദങ്ങൾ ഉൾക്കൊള്ളുന്നുണ്ടോ?

വ്യാഖ്യാനത്തിനുവേണ്ടി ഇത്തരത്തിൽ ചില മറ്റുപദങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. യഥാർത്ഥ ഖുർആനിക അധ്യാപനങ്ങളെ വളച്ചൊടിക്കുന്ന വിധത്തിലുള്ള സൂചനകൾ അതിനില്ല. ശിയാക്കളുടെയും സുന്നികളുടെയും കയ്യാൽ ഇത്തരം സംഭവങ്ങളുണ്ട്. താഴെ പറയുന്ന

രണ്ടു ഉദാഹരണങ്ങൾ നമുക്കു നോക്കാം. രണ്ടും പ്രശസ്ത ഖുർആൻ വ്യാഖ്യാനികളായ സുന്നി പണ്ഡിതന്മാരിൽ നിന്നുള്ളതാണ്.

ഉബയ്യുബിനു കഅബ് ഇങ്ങനെ പാരായണം ചെയ്യുമായിരുന്നു. പിന്നെ അവർക്ക് നിശ്ചിത കാലത്തേക്ക് പ്രതിഫലംകൊടുക്കുക. നിശ്ചയിച്ച പാരിതോഷികം അവർക്ക് നൽകുക. (ഖുർആൻ 4 സൂക്തം 24) ഇബ്നുനു അബ്ബാസും പാരായണം ചെയ്തിരുന്നത് ഇങ്ങനെ തന്നെയായിരുന്നു.

ഇബുനുൽ ഇമാദ് അൽ ഹമ്പലി, സദറത്ത് ദഹബു (കൈറോ, 1350 എച്ച) അധ്യായം 2 പേജ് 29)

അദ്ദേഹം വ്യത്യസ്തമായ ഖുർആനിൽ വിശ്വസിക്കുന്നു വെന്നധാരണയാൽ, അദ്ദേഹത്തിന്റെ ഖുർആനിക വിജ്ഞാനത്തെ ഒരു സുന്നി പണ്ഡിതനും പ്രശംസിക്കുകയുണ്ടായില്ല.!!!

(ഫഖ്റുദ്ധീനു റാസി, മഫാതിഹൽഗൈബ് (ബൈറുത്ത് 1981)

(ഇബുനു കസീർ,തഫസിറുൽ ഖുർആൻ അൽഅസിം (ബൈമൂത്ത് 1987)

ഇബുനു കസീർ തന്റെ തഫ്സീറിന്റെ അടിക്കുറിപ്പിൽ ഇങ്ങനെ വിവരിക്കുന്നു. മേൽ സൂചിപ്പിച്ച അധിക പദങ്ങൾ ഖുആനിന്റെ ഭാഗമല്ല. പ്രവാചക സഹാബിമാർ ഇങ്ങനെ പാരായണം

ചെയ്തത് തഫ്സീറിന്റെയും വ്യാഖ്യാനങ്ങളുടെയും അടിസ്ഥാനത്തിലാണ്.

എന്നാൽ ഇബുന്നുമസ്ഊദ് പറയുന്നു. നബി (സ)യുടെ കാലത്ത് ഞങ്ങൾ ഇങ്ങനെ പാരായണം ചെയ്യുമായിരുന്നു. ഞങ്ങളുടെ പ്രവാചകരെ (മുഹമ്മദ്) നിന്റെ നാഥനിൽ എന്ന് അയച്ചുകിട്ടിയത് ഞങ്ങൾക്ക് എത്തിക്കുക. അതായത് അലി വിശ്വാസികളുടെ നേതാവാണെന്നും നീ അതുചെയ്തില്ലെങ്കിൽ നിങ്ങൾ നാഥന്റെ സന്ദേശം എത്തിച്ചവനാകുന്നില്ല (ഖുർആൻ അദ്ധ്യായം 5, സൂക്തം 67)

(ജലാവുദ്ധീൻ അൽ സുയുത്വി, ദുർഅൽമൻഥൂർ അധ്യായം 2, പേജ് 298)

ഇബുനു മസ്ഊദ് ഇങ്ങനെ പാരായണം ചെയ്യാൻകാരണം അവതരണത്തിന്റ ഉള്ളടക്കം വിശദീകരിക്കാൻ വേണ്ടിയാണ്.

ചോദ്യം: ഖുർആനിന്റെ തല്ലാത്ത സൂക്തങ്ങളുള്ള ധാരാളം സൂക്തങ്ങൾ ഉണ്ടെന്ന് പറഞ്ഞല്ലോ അവയുടെ റി വായത്തിന്റെ സമ്പ്രദായം എന്താണ്?

ഏതെങ്കിലും എഴുത്തുകാരെയോ വ്യാഖ്യാതാക്കളെയോ അവരുടെ പിഴവിന്റെ പേരിൽ ഒഴിവാക്കണമെന്ന് ശിയാക്കൾ കരുതുന്നില്ല. അതിനാൽ എല്ലാ ഹദീസുഗ്രന്ഥങ്ങളും പരിപൂർണ്ണമായി ശരിയും കുറ്റമറ്റതുമാണെന്ന് കരുതുന്നില്ല. പിഴവുകളിൽ നിന്ന് മുക്തമായഒരു ഗ്രന്ഥമേയുള്ളൂ അതാണ് ഖുർആൻ. ഈ റാവികൾ കൂടുതലും പരിഗണിക്കുന്നത് ബലഹീനമായതും ഖുർആനല്ലാത്ത അവതരണങ്ങളും റിപ്പോർട്ട് ചെയ്യാനാണ്.

ഖുബാരിയിലും മുസ്ലിംമിലും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള ഹദീസുകൾ പ്രകാരം ചില ഖുർആൻ സൂക്തങ്ങൾ നഷ്ടപ്പെട്ടുപോയിട്ടുണ്ടെന്ന് അരോപണം ശ്രദ്ധിക്കേണ്ടതുണ്ട്

(അൽബുഖാരി, അൽസഹിഹ് മുസ്ലിം അൽസഹിഹ്)

ഇതുമാത്രമല്ല ഇതേ സുന്നിറിപ്പോർട്ടർമാർ ഖുർആനിൽ രണ്ട് അദ്ധ്യായങ്ങൾ തന്നെ നഷ്ടപ്പെട്ടതായി ആരോപിക്കുന്നുണ്ട്. അതിലൊന്ന് അൽബറാഹ് (സൂറ 9) ദൈർഘ്യത്തിൽ ഒന്നാണ്.(മുസ്ലിം അൽസഹീഹ്, കിതാബു അൽസകാത്ത്, )

ചിലസുന്നിഹദീസുകൾ അദ്ധ്യായം അൽ അഹ്സാബു അദ്ധ്യായം 33 അൽബഖറ സൂറത്തിന്റെ അത്ര തന്നെ ദൈർഘ്യമുള്ളതാണ്!!! അൽബഖറയാണല്ലോ ഖുർആനിലെ ഏറ്റവും വലിയ അദ്ധ്യായം.

സഹീഹുൽ സുഖാരിയും മുസ്ലിമിലും നഷ്ടപ്പെട്ട സൂക്തങ്ങളെ കുറിച്ച് വിവരിക്കുന്നുണ്ട്.

(അൽബുഖാരി, അൽസഫീഫ്, പേജ് 208)

എന്നിരുന്നാലും സുന്നി സഹോദരീസഹോദരൻമാർ അപൂർണ്ണമായ ഖുർആനിൽ വിശ്വസിക്കുന്നവരാണെന്ന് പറയാൻ ശിയാക്കൾ ഒരിക്കലും മുതിരുകയില്ല. ഞങ്ങൾ പറയുക ഒന്നുകിൽ ഈ റിപ്പോർട്ട് ബലഹീനമാണ് അല്ലെങ്കിൽ കെട്ടിച്ചമച്ചതാണ് എന്നായിരിക്കും.

ചുരുക്കത്തിൽ

ഞങ്ങളുടെ വിശ്വാസം മുഹമ്മദ് നബി(സ) ക്ക് അല്ലാഹു അവതരിപ്പിച്ച ഖുർആൻ,രണ്ടു കവറുകൾക്കിടയിലുള്ള വസ്തുപോലെയാണ്. ജനങ്ങളുടെ കയ്യിലിരിക്കുന്നതും, മറ്റൊന്ന് അതിനേക്കാൾ വലുതും... കയ്യിലുള്ളതിനേക്കാൾ മറ്റേതാണ് വലുതെന്നുപറയുമ്പോൾ മറ്റേതിനെക്കുറിച്ച് പറയുന്നവനെ നുണയെന്ന് ഉറപ്പിക്കുന്നു.

(അസ്സദൂഖ്, കിതാബുൽ ഇത്തിഖാദാത്ത്
തെയ്റാൻ, 370 എ.എച്ച്, പേജ് 63 ഇംഗ്ലീഷ് പരിഭാഷ, ശിഈ പ്രമാണം എ.എ.എ ഫൈസി (കൽക്കത്ത 1942) പേജ് 85.

## 6.മുഹമ്മദ് നബിയുടെ പൈതൃകം

"എനിക്ക് വിളിക്കുത്തരം നൽകാൻ (മരണം) സമയമായി. വിലപ്പെട്ട രണ്ടുകാര്യങ്ങൾ (സഖലൈനി) നിങ്ങൾക്കായി വിടുകയാണ്. ഒന്ന് അല്ലാഹുവിന്റെ ഗ്രന്ഥവും മറ്റേത് അഹ്ലുബൈത്ത്. ഹൗളൽകൗസറിന്റെ സമിപത്ത് അവർ എന്റയടുത്തു എത്തുവോളം ഇവ രണ്ടിനെയും വേർപിരിക്കാൻ സാധ്യമല്ല". നബി (സ)യുടെ പ്രമാണികമായ ഹദീസാണിത്. 30ഓളം സഹാബികൾ റിപ്പോർട്ടു ചെയ്തതും ധാരാളം സുന്നിപണ്ഡിതന്മാർ രേഖപ്പെടുത്തിയതുമാണ്. ഈ ഹദീസിന്റെ പ്രസിദ്ധമായ ഉറവിടങ്ങളിൽ ചിലത് താഴെകൊടുക്കുന്നു.

അൽ ഹക്കീമുൽ നൈസാംബൂരി, അൽ മുസ്തബ്റക്ക് അലാ അൽ സഹീഹൈൻ (ബൈദൂത്) ബുഖാരി മുസ്ലിം എന്നവരുടെ ഹദീസു പരിഗണനാശാസ്ത്രമനുസരിച്ച് ഇതിന്റെ റാവികളുടെ പരമ്പര സഹീഹാണെന്ന് അദ്ദേഹം വ്യക്തമാക്കി.

അൽതിർമുദി, അൽസഹിഹ് വോള്യം 5, പേജ് 621,2 നമ്പർ 3786, 3788 വോള്യം 2, പേജ് 219

അന്നസായി ഖസാഇസ് അലി ബിൻ അബീത്വാലിബ്,ഹദീസ് നമ്പർ 79.
അഹമ്മദ് ബിൻ ഹമ്പൽ, അൽമുസ്നദ് വോള്യം 3, പേജ്14,17,26– വോല്യം 3, പേജ് 26, 59. വോല്യം 4, പേജ്. 371. വോല്യം 5 പേജ് 181,182– 189,190.

ഇബുനുൽ ആതിർ, ജാമിഉൽ ഉസൂൽ വോല്യം 1, പേജ് 277.
ഇബിനുകസീർ, അൽബിദായ വൽനിഹായ വോല്യം 5, പേജ് 209 . അദ്ദേഹം അദ്ദഹബിയെ ഉദ്ധരിക്കുകയും ഈ ഹദീസ് സഹീഹാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു.

ഇബുന്നു കസീർ തഫ്സിറുൽ ഖുർആൻ ആൽ ആസിം
നാസിറുദ്ധീൻ അൽഅൽബാനി, സിൽസിലാത്ത് അൽഅഹാദീസ് അൽ സഹിഹു കുവൈറ്റ് അൽദാർ, സലഫിയ.പേജ് 3538

പരിഗണനാർഹമായ ധാരാളം രാവികളെ അദ്ദേഹം എടുത്തുപറയുന്നുണ്ട്. ഇവിടെ ഉദ്ധരിച്ചതിനെക്കാളേറെ രാവികൾ ഈ ഹദീസിനുണ്ട്. പ്രവാചകൻ (സ) പറഞ്ഞിട്ടില്ലേ ഞാൻ (രണ്ടുകാര്യങ്ങൾ) വിട്ടേച്ചുപോകുന്നു. അല്ലാഹുവിന്റെ ഗ്രന്ഥവും എന്റെ സുന്നത്തുമാണവ. ഇത് ഒരു സാധാരണ തെറ്റിദ്ധാരണയാണ്. പ്രവാചകർ (സ)യുടെ അവസാനത്തെ ചടങ്ങിനോട് ചുമത്തി പറയുന്ന ഈപ്രസ്താവനയ്ക്ക് വിശ്വസനീയമായ അടിസ്ഥാനമില്ലെന്നതാണ് വസ്തുത. സിഹാഹുസീത്ത (ആറ്പ്രമുഖഹദീസുഗ്രന്ഥങ്ങൾ) യിൽ ഒന്നിൽപോലും ഇതിന് സ്ഥാനമില്ല. മാലിക്കി ഇമാമിന്റെ മുവത്വയിലും ഇമ്പുന്ന ഹിഷാമിന്റെ സീറത്തുറസൂലുല്ലയിലും, ത്വബരിയുടെ താരീഖിൽ ഇബുനു ഹിശാമിനെ പരാമർശിച്ചുമെല്ലാം പറയുന്നിടത്ത് ഹദീസിന്റെ റാവികൾ വിട്ടുപോയതായും റാവികൾ തമ്മിലുള്ള പൊരുത്തക്കേടും പ്രകടമാണ്. റാവികൾ പൂർണ്ണമായികാണപ്പെടുന്നിടത്ത് തന്നെ പ്രസ്തുത റാവികളെ സംബന്ധിച്ച് അവിശ്വസനീയരാണെന്ന് എല്ലാവരും ഏകകണ്ഠമായി വിധിയെഴുതിയവരുമാണ്. ഈ പ്രമാണങ്ങൾ ഗവേഷണം നടത്തികണ്ടുപിടിക്കാൻ താത്പര്യമുള്ളവർ ഈ കാര്യം വിശകലനംചെയ്യട്ടെ. പ്രവാചകർ (സ)യുടെ സുന്നത്ത് അനുഗമിക്കേണ്ടതില്ല എന്ന് ആരും അഭിപ്രായപ്പെട്ടിട്ടില്ല. എന്ന് വ്യക്തമാക്കിക്കൊള്ളട്ടെ.
എന്നാൽ,മുമ്പ് പറഞ്ഞതുപോലെ, പ്രവാചകൻ (സ) തന്റെ അഹ്ലബൈത്തിനെ മുസ്ലികൾ സുന്നത്തിന്റെ പരിശുദ്ധരും നീതിമാന്മാരുമായി പരിഗണക്കാൻ നബി(സ) ആഗ്രഹിച്ചു.
പ്രവാചക(സ)യുടെ കുടുംബത്തെപ്പറ്റി സവിശേഷമായി എന്തുണ്ട് ?
'(മുഹമ്മദേ)' പറയുക, "ഞാൻ ഇതിനു(അല്ലാഹുവിന്റെ സന്ദേശം എത്തിക്കുന്നതിനു) പ്രതിഫലമൊന്നും നിങ്ങളോട് ആവശ്യപ്പെടുന്നില്ല. എന്റെ രക്തബന്ധമുള്ളവരോടുള്ള സ്നേഹമൊഴികെ 42:23 എന്ന സൂക്തം അവതരിപ്പിച്ചപ്പോൾ, മുസ്ലികൾ പ്രവാചകനോട് ചോദിച്ചു.
'ആരാണ് അങ്ങയുടെ അടുത്ത ചാർച്ചക്കാർ? ഞങ്ങൾസ്നേഹിക്കാൻ കടപ്പെട്ടവരായി ആരാണ്? അദ്ദേഹം പറഞ്ഞു' അലി, ഫാത്തിമ, അവരുടെ രണ്ടാൺമക്കളും."

അൽഹക്കീം അന്നൈസാമ്പൂരി, അൽമുസ്തബ്റക്ക് അലാ അൽ സഹീഹൈനി. വോല്യം 2, പേജ് 444
അൽ ഖസ്തല്ലാനി, ഇർഷാദുൽസാരി ശറഹുസഹീഹുൽ ബുഖാരി വോള്യം 7, പേജ് 331

അൽസുയുത്വി, അദുറുൽ മൻളൂർ വോല്യം 6, പേജ് 6–7 അൽ അലൂസി അൽ ബഗ്ദാദി ,റൂഹുൽ മാആനി, വോല്യം 25, പേജ് 31–2

അഹ്ലുബൈത്തിന്റെ വിശ്വാസ്യതയും ധർമ്മവും വ്യക്തമാക്കുന്ന ഖുർആൻസൂക്തം നജ്റാനിലെ കൃസ്താനികളുമായുള്ള തർക്കത്തിന്റെ പശ്ചാത്തലത്തിൽ അവതരിപ്പിക്കുകയുണ്ടായി. എന്നാൽ നിനക്ക് അറിവുലഭിച്ചശേഷം ആ കാര്യത്തിൽ ആരാണോ നീയുമായി തർക്കിക്കുന്നത് അവരോട് പറയുക. വരിക നമ്മുടെ സന്താനങ്ങളെയും നിങ്ങളുടെ സന്താനങ്ങളെയും വിളിച്ചുകൂട്ടാം. ഞങ്ങളുടെ സ്ത്രീകളെയും നിങ്ങളുടെ സ്ത്രീകളെയും ഞങ്ങളുടെ അടുത്ത

ബന്ധുക്കളെയും തങ്ങളുടെ അടുത്ത ബന്ധുക്കളെയും എന്നിട്ടു നുണയന്മാർക്ക് അല്ലാഹുവിന്റെ ശാപമുണ്ടാകട്ടെ എന്ന പ്രാർത്ഥിക്കാം. (3–61) ഈസൂക്തം അവതരിപ്പിച്ചപ്പോൾ പ്രവാചകർ (സ) അലി, ഫാത്തിമ ഹസൻ, ഹുസൈൻ എന്നിവരെ വിളിച്ചുകൂട്ടി പറഞ്ഞു. അല്ലാഹുവേ, ഇതാണെന്റെ കുടുംബം (അഹ്ലി)

മുസ്‌ലിം അൽസഹീഫ് (ഇംഗ്ലീഷ് പരിഭാഷ) 031, നമ്പർ 5915

അൽഹക്കീം– അൽനൈസാമ്പൂരി, അൽമുസ്ഥബ്റക്ക് അലാ അസ്സഹീഹൈൻ യുടെയും മുസ്‌ലിമിന്റെയും പ്രമാണങ്ങൾക്കനുസരിച്ച് ഈ ഹദീസ് സഹീഹാണെന്ന് അദ്ദേഹം സമർത്ഥിക്കുകയും ചെയ്യുന്നു.

ഇബ്നു ഹജറുൽ അസ്ഖലാനി, ഫത്ഹുൽ ബാരി ശറഹ സഹീഹുൽ ബുഖാരി അൽതിർമുദി, അസ്സഹീഹ്, കിതാബുൽ മനാഖിബ് അധ്യായം 5 പേജ് 596.

അഹമ്മദ് ബിൻ ഹമ്പൻ, അൽമുസ്നദ്

അൽസുയൂത്വി സത്യമാർഗ്ഗം അവലംബിച്ച ഖലീഫമാരുടെ ചരിത്രം. (ലണ്ടൻ 1995) പേജ് 176.

അഹ്ലു ബൈത്തിനോട് വേണ്ടത്ര ആദരവ് കാണിച്ചിരുന്നുവോ?

പരിശുദ്ധ ഖുർആനിനോട് ആദരവ് കാണിച്ചാൽ മാത്രം മതിയോ?മുസ്‌ലികൾക്ക് പരിശുദ്ധഖുർആനിനെ അനുധാവനം ചെയ്യുകയല്ലാതെ മറ്റുമാർഗ്ഗമില്ല. അത് എല്ലാകാര്യത്തിലും ദൈവിക സന്ദേശമാണ് മുസ്‌ലികൾക്ക് അനുധാവനം ചെയ്യാൻ മുഹമ്മദ് നബി (സ) രണ്ടുകാര്യങ്ങളാണ് വിട്ടേച്ചു പോയത് അന്ത്യനാൾവരെ രണ്ടും വിട്ടു പിരിക്കാനാവാത്ത പരസ്പര ബന്ധിതമാണെന്ന് വാഗ്ദാനം ചെയ്യുകയുമുണ്ടായി. ഖുർആനോട് അഹ്ലുബൈത്ത് കൂടിച്ചേരുമ്പോൾ, മുഹമ്മദ് നബി(സ) നമ്മോട് പറയുന്നത് ഇവയോട് ആദരവുകാണിക്കാൻ മാത്രമല്ല. ഇസ്‌ലാമിക പ്രമാണങ്ങളുടെയും അനുഷ്ഠാനത്തിന്റെയും, ഹദീസിന്റെയും, തഫ്സീറിന്റെയും അവരിൽ നിന്നുള്ള വ്യാഖ്യാനമാണ്. എന്റെ അഹ്ലുബൈത്ത് നൂഹ് നബിയുടെ കപ്പൽ പോലെയാണ് .ആർ അതിൽ കയറി പ്പറ്റുന്നുവോ അവർ രക്ഷപ്പെട്ടു. ആർ തിരിഞ്ഞു നടക്കുന്നുവോ അവർ നശിച്ചു. അൽഹക്കീം അൽനൈസാംമ്പൂരി, അൽമുസ്തബുറക്ക്, അലാഅൽ സഹീഹൈൻ .വോള്യം 3, പേജ് 151, വോള്യം 2, പേജ് 343. മുസ്‌ലിമിന്റെ നിബന്ധന പ്രകാരം ഈ ഹദീസ് സഹീഹാണെന്ന് അദ്ദേഹം സമർത്ഥിക്കുന്നു.

അൽസുയൂത്വി, അദുറുൽ മൻളൂർ, വോള്യം1 പേജ് 7172 ഇബ്നുഹജറുൽ മക്കി അസ്സവായിഖ് അൽ മുഹറിഖ പേജ് 140. റിവായത്തിന്റെ ധാരാളം ശൃംഖലകൾ ഈ ഹദീസിനെ ബലപ്പെടുത്തുന്നുവെന്ന് അദ്ദേഹം സ്ഥിരീകരിക്കുന്നു.

അഹ്ലുബൈത്തിൽ ആരൊക്കെ ഉൾപ്പെടും.

ഇത് കാണിക്കുന്നത് മുഹമ്മദ് നബി(സ) യുടെ കുടുംബം– അതിന്റെ അവാന്തരങ്ങളും അഹ്ലുബൈത്താണെന്നാണ് അതിൽ വരുന്നത് അദ്ദേഹത്തിന്റെ മകൾ ഫാത്തിമത് സഹ്റ, അവരുടെ ഭർത്താവ് ഇമാം അലി. മക്കളായ ഇമാം അൽഹസൻ, ഇമാം അൽഹുസൈൻ (അ) എന്നിവരാണ്, ഈ അഞ്ച് കുടുംബാംഗങ്ങൾ, അവരുടെ തലവനായി മുഹമ്മദ് നബി (സ)യുമാണ്. പ്രവാചകന് ഖുർആനിക സൂക്തം അവതീർണ്ണമാകുമ്പോൾ ഉണ്ടായിരുന്നത്. എന്നാൽ ഹുസൈൻ പിൻമുറക്കാരിൽ 9 പേർ ഈ തെരഞ്ഞെടുക്കപ്പെട്ടവരുടെ കൂട്ടത്തിൽപ്പെടും. അവസാനത്തേത് ഇമാം അൽമഹ്ദി (അ) ആയിരിക്കും.

പ്രവാചകൻ (സ) പറഞ്ഞു.

ഞാൻ, അലി, ഹസൻ ഹുസൈൻ എന്നിവരും ഹുസൈന്റെ ഒമ്പത് പിൻമുറക്കാരും പരിശുദ്ധരും ധർമ്മകാരികളുമാണ്. (അൽജുവൈനി) ഫറാഇദ് അൽ സീമതൈൻ (ബൈറുത്ത് 1978) പേജ് 160 അൽജുവൈനിയുടെ ഹദീസ് പാണ്ഡിത്യത്തിലെ പ്രാഗൽഭ്യം തദ്കീറത്തുൽ ഹുഫാസ് എന്ന ഗ്രന്ഥത്തിൽ അൽദഹബി അംഗീകരിക്കുന്നത്. വോള്യം 4, പേജ് 298 അതു തന്നെ ഇബ്നുഹജറുൽ അസ്ഖലാനി ദുറർ അൽകാമിന എന്നീ ഗ്രന്ഥത്തിലും പറയുന്നു ധ്ീഹ 1 , ജമഴല 67പ

ഞാൻ പ്രവാചകന്മാരുടെ നേതാവാണ്. അലിയാവട്ടെ പിൻതുടർച്ചക്കാരുടെ നേതാവുമാണ്. എന്റെ ശേഷം എൻറെ പിൻതുടർച്ചക്കാർ പന്ത്രണ്ടായിരിക്കും. അതിൽ ആദ്യത്തേത് അലിയും അവസാനത്തേത് അൽ മഹദിയുമാണ്. (അൽജുവൈനി, ഫറാഇദ് അൽസിമതൈൻജമഴല 160 അൽ മഹ്ദി അഹ്ലുബൈത്തിൽ പെട്ടവനാണ് എന്നും അൽ മഹ്ദി എന്റെ കുടുംബത്തിൽ പെട്ടവനും ഫാത്തിമയുടെ സന്താനപരമ്പരയിൽ പെട്ടവനുമാണെന്നും ധഇബ്നു മാജ, അൽസുനൻ ീഹ 2, ുമഴല 519, ചീ 40856, അബൂദാവൂദ് അൽ സുനൻ ീഹ 2, ുമഴല 207പ

പ്രവാചക പത്നിമാരെപ്പറ്റി?

പരിശുദ്ധതയുടെ ആയത് തീർച്ചയായും അല്ലാഹു ഉദ്ദേശിക്കുന്നു എന്നുതുടങ്ങുന്ന ആയത് അവതരിപ്പിക്കുമ്പോൾ നബി(സ) പത്നി ഉമ്മുസൽമയുടെ വസതിയിലായിരുന്നു. പ്രവാചകൻ; അൽ ഹസൻ, അൽഹുസൈൻ, ഫാത്തിമ, അലി എന്നിവരെ വിളിച്ചു ഒരു പുതപ്പിൽ അവരെ കൂട്ടിപിടിച്ചു. എന്നിട്ട് പറഞ്ഞു: അല്ലാഹുവേ ഇതാന്റെ കുടുംബം (അഹ്ലുൽ

ബൈത്ത്) എല്ലാ അശുദ്ധിയിൽ നിന്നും കാത്ത് രക്ഷിക്കേണമേ, പൂർണ്ണമായ പരിശുദ്ധത നൽകി അവരെ പരിശുദ്ധരാക്കേണമേ ഉമ്മു സൽമ ചോദിച്ചു "അല്ലാഹുവിന്റെ ദൂതരെ, ഞാൻ അവരുടെ കൂട്ടത്തിൽ പെടുമോ"?

നബി (സ) പറഞ്ഞു "നീ നിന്റെ സ്ഥാനത്ത് നിലകൊള്ളുക നീ സച്ചരിതയാണ്" (അൽ തിർമിദി, അൽ സഹീഹ് അധ്യായം 5 പേജ് 351,663)

അൽ ഹക്കിം അൽ നൈസാബൂരി, അൽ മുസ്തബുറക്ക് അലാ അസ്സാഹി ഹൈനി അധ്യായം 2, പേജ് 416 ഇമാം ബുഖാരിയുടെ നിബന്ധന പ്രകാരം ഇത് സഹീഹാണെന്ന് അദ്ദേഹം സമർത്ഥിക്കുകയും ചെയുന്നു.

അൽ സുയ്യൂത്വി അൽ ദുറുൽ മൻളൂർ (അധ്യായം5, പേജ് 197)

33:33സൂക്തവും തുടർന്നുള്ള നബി(സ)യുടെ പത്നിമാരെ അഭിസംബോധന ചെയ്തുള്ള പ്രസ്ഥാവനകളും സ്ത്രീലിംഗ വിഭഷണ പദമാണ് ഉപയോഗിച്ചതെന്നതെല്ലാം ഇതിനു തെളിവാണ്. എന്നാൽ പരിശുദ്ധതയുടെ സൂക്തത്തിൽ പുല്ലിംഗമോ സംയുക്ത ലിംഗ പദമോ ആണ് ഉപയോഗിച്ചത്. ഇത് കാണിക്കുന്നത്, വ്യത്യസ്ഥ വ്യക്തികളെ ഉദ്ദേശിച്ചുള്ള സ്വതന്ത്രമായ അവതരണമാണെന്നാണ്.

ഉപസംഹാരം

ഇക്കാരണത്താലാണ് ശിയാ മുസ്ലിംകൾ ചെറിയ ഗുളിക കൊണ്ടു നടക്കുന്നത്. കർബലയിലെ മണ്ണുകൊണ്ടുണ്ടാക്കിയതാണത്. ഇതിൽ സുജ്ജൂദ് ചെയ്യുന്നത് ഉന്നതമായ പ്രവാചക ചര്യ അവംലംബിക്കുന്നതിലൂടെ ഉന്നത സ്ഥാനം കരസ്ഥമാക്കാൻ അവരെ പ്രാപ്തമാക്കുന്നു

**7.ശിയാക്കളുടെ ജഅ്ഫരിഫിഖുഹ് അനുസരിച്ച്. ഇസ്ലാമിലെ പ്രധാന പ്പെട്ട അഞ്ച് മദ്ഹബുക**ളിൽ ഒന്നാണിത്. ശുദ്ധമായ മണ്ണിൽ അല്ലെങ്കിൽ മുളച്ച കലക ളിൽ ഈ സുജൂദ് അനുഷ്ഠിക്കണം. മണ്ണ്, കല്ല്, മണൽ, പുല്ല്, എന്തിലുമാകാമിത്. എന്നാൽ അവ ധരിക്കുന്നതോ, ഭക്ഷിക്കുന്നതോ ആകരുത് എന്ന് കൃത്രിമമോകരുതെന്ന് മാത്രം. കടലാ സിൽ ഈ നമിക്കൽ അനുവദനീയമാണ്. കാരണം അവഭൂമിയിൽ മുളച്ച വസ്തുക്കൾ കൊണ്ട് ഉണ്ടാക്കിയതാണ്. എന്നാൽ, തുണിയോ കാർപ്പെറ്റോ പറ്റുകയില്ല.

സുന്നിമദ്ഹബിലെ പണ്ഡിതൻമാർ ഭൂമിയ്ക്കുള്ള ഈ പ്രണാമത്തെ അംഗീകരിക്കുന്നു. പ്രവാചക(സ)യും അനുയായികളും വല്ലപ്പോഴും ഇങ്ങനെ ചെയ്തിട്ടുണ്ടോ?

ഭൂമിയിലുള്ള പ്രാർത്ഥന പ്രവാചകനും അനുയായികളും അനുഷ്ഠിച്ചതാണ്.

അബൂസഈദുൽ ഖുദ്രി റിപ്പോർട്ടുചെയ്യുന്നു. അല്ലാഹുവിന്റെ പ്രവാചകൻ(സ) മണ്ണിലും വെള്ളത്തിലും നമിക്കുന്നത് ഞാൻകണ്ടു. അദ്ദേഹത്തിന്റെ നെറ്റിത്തടത്തിൽ മണ്ണ് പതിഞ്ഞതും ഞാൻ കണ്ടു.

(അൽബുഖാരി,സഹീഹ് (ഇംഗ്ലീഷ് )"ീഹ 1, യീീസ 12, ചീ 798,"ീഹ 3, യീീസ 33, ചീ 244

(അൽബുഖാരി സഹീഹ്(ഇംഗ്ലീഷ്)

അനസിബിനു മാലിക് റിപ്പോർട്ട് ചെയ്യുന്നു. കടുത്ത ചൂടിൽ ഞങ്ങൾ പ്രവാചകനോടൊപ്പം പ്രാർത്ഥിക്കുകയായിരുന്നു. ഞങ്ങളിൽ ചിലർ മുഖം ഭൂമിയിൽ വെക്കാൻ മടിച്ചു (ചൂടുകാരണ മായി) പിന്നീട് അദ്ദേഹം വസ്ത്രം വിരിച്ച് അതിൽ പ്രണമിച്ചു

ധ അൽബുഖാരി സഹീഹ് (ഇംഗ്ലീഷ്)"ീഹ 2, യീീസ 22, ചീ 299 പ

ഈ ഹദീസ് അനുസരിച്ച് പ്രത്യേക പരിതസ്ഥിതിയിൽ പ്രവാചകനും അനുയായികളുംവസ്ത്ര ത്തിൽ സുജൂദ് ചെയ്തിട്ടുള്ളൂ.

പ്രവാചകൻ ഖുംറയും ഉപയോഗിച്ചിട്ടുണ്ട് നെറ്റിത്തടം വെച്ച് സുജൂദ് ചെയ്യുന്നതിന്ന് മൈമൂന റിപ്പോർട്ട് ചെയ്യുന്നു. അല്ലാഹുവിന്റെ പ്രവാചകൻ ഒരു ഖുംറയിൽ പ്രണമിച്ചിട്ടുണ്ട്.

(അൽ ബുഖാരി സഹീഹ് (ഇംഗ്ലീഷ്)

ധ്ീഹ 1, യീീസ 8, ചീ 378പ

സുന്നി പണ്ഡിതനായ ഷൗക്കാനി ഉദ്ധരിച്ചു പത്തിൽകൂടുതൽ പ്രവാചക അനുയായി കൾ ഇത് റിപ്പോർട്ടു ചെയ്യുന്നു. പ്രവാചകൻ ഖുംറയിൽ സുജൂദ് ചെയ്തതായി. സഹീഹ് മുസ്ലിം സഹീഹ് തുർമുദി സുനൽ അബൂദാവൂദ്, സുനൽ അൽ നസായി മറ്റുള്ളവരും അടക്കമുള്ള ധാരാളം സുന്നി പണ്ഡിതൻമാർ ഇത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(അൽഷൗക്കാനി നൈയിലുൽ അൻവാർ ഖുംറയെ സംബന്ധിച്ച അദ്ധ്യായം.

എന്താണ് ഖുംറ?

പ്രാർത്ഥനാ സമയത്ത് സുജ്ജൂദ് ചെയ്യുമ്പോൾ മുഖവും കൈകളും വെക്കാവുന്നത്ര വലിപ്പമുള്ള ഒരു ചെറിയ പായ

( അൽബുഖാരി സഹീഹ് (ഇംഗ്ലീഷ്)ീഹ 1, യീീസ 8, ചീ 376പ

ഇബുനു ആതിർ ; മറ്റൊരു പ്രധാന സുന്നിപണ്ഡിതൻ ജാമിഉൽ ഉസൂൽ എന്ന ഗ്രന്ഥ ത്തിൽ എഴുതി: ഖുംറ എന്നാൽ (അതുപോലുള്ള) ഒന്നിലാണ് ശിയാക്കൾ സുജുദ് ചെയ്യുന്നത്.

(ഇബുനുആതിർ ജാമിഉൽ ഉസൂൽ കൈറോ 1969)

ഈന്തപ്പന ഓലകൊണ്ടോ മറ്റോ ഉണ്ടാക്കിയ ഒരു ചെറിയ പായയാണ് ഖുംറ. ഇതുപോ ലുള്ളതിലാണ് ശിയാക്കൾ സുജൂദ് ചെയ്യുന്നത്. (തൽഖീസ് ഓഫ് സിഹാഹ്)

കർബലയിൽ നിന്നാവണമെന്നുണ്ടോ?

കർബലയിലെ മണ്ണിന്റെ പ്രത്യോകത പ്രവാചക കാലത്തും അതിനുശേഷവും അറിയപ്പെടുന്ന താണ്.

ഉമ്മുസൽമ പറയുന്നു. ഹുസൈൻ (റ) വലിയുപ്പയുടെ (പ്രവാചകൻ) മടിയിൽ ഇരിക്കു ന്നത് ഞാൻകണ്ടു. അദ്ദേഹത്തിന്റെ കയ്യിൽ ഒരു ചുകന്ന മൺ കുട്ടയുണ്ട്. പ്രവാചകൻ ആ മണ്ണിൽ ചുംബിക്കുകയും കരയുകയും ചെയ്യുന്നുണ്ട്.

ഞാൻ ചോദിച്ചു. ഈ മണ്ണ് ഏതാണെന്ന് പ്രവാചകൻ പറഞ്ഞു. എന്റെ മകൻ, ഈ ഹുസൈൻ, ഇറാഖിൽ വെച്ച് കൊല്ലപ്പെടുമെന്ന് ജിബ്രീൽ എന്നെ അറിയിച്ചിട്ടുണ്ട്. ആ ഭൂമിയിൽ നിന്ന് അദ്ദേഹം എനിക്കു കൊണ്ടുവന്നുതന്ന മണ്ണാണിത് എന്റെ ഹുസൈന്റെ പതനം ഓർത്തു കരഞ്ഞു പോയതാണ് പിന്നെ പ്രവാചകൻ ഉമ്മുസൽമക്കു നൽകി. എന്നിട്ട് അവരോട് പറഞ്ഞു ഈ മണ്ണിൽ രക്തം പുരണ്ടതു കണ്ടാൽ, എന്റെ ഹുസൈനെ അറുത്തിരിക്കുന്നുവെന്ന് മനസ്സിലാ ക്കുക. ഉമ്മുസൽമ ആമണ്ണ് ഒരു കുപ്പിയിലാക്കി സൂക്ഷിച്ചു. 61അഒ മുഹറം 10ന് ആശൂറാദിവസം അവർ ആ സംഭവം കാണുന്നതു വരെ അതുസൂക്ഷിച്ചു . ആദിവസം അതിൽ രക്തം പുരണ്ടു അപ്പോൾ അവർ മനസ്സിലാക്കി ഹുസൈൻ ബിൻ അലി(അ) രക്തസാക്ഷിയായെന്ന്.

(അൽ ഹക്കീം അൽമുസ്തബ്റക്ക് ) ീഹ4,ജ .398
(അൽദുഹബി, സിയാർ.ആലം അൽനുബല ീഹ3, ജ .194

ഇബുനു കസീർ അൽ ബദായ വൽനിഹായ ീഹ6, ജ.230
അൽസുയൂത്വി ഖസാഇസുൽ കുബ്റ ീഹ 2,ജ, 450 ഇബുനു ഹജറുൽ അവ്ഖലാനി, തഹ്ദീബു അത്തഹ്ദീബു ീഹ 21 ജ 348.

സിഫ്ഫീൻ യുദ്ധത്തിനുശേഷം അലി(അ) കർബലയിലൂടെ കടന്നുപോന്നു. അദ്ദേഹം അവിടെനിന്ന് ഒരു പിടി മണ്ണെടുത്തു പരിശോധിച്ചു. ആഹാ, ഈ സ്ഥലത്തു വെച്ച് ചിലരെ കഴുത്തറക്കപ്പെടും യാതൊരു തടസ്സവും കൂടാതെ സ്വർഗ്ഗത്തിൽ പ്രവേശിക്കുയും ചെയ്യും.

കർബയുടെ മണ്ണിൽ പ്രണമിക്കാൻ നിർബന്ധമുണ്ടോ?

ഇല്ല. എന്നാൽ ശിയാക്കൾ കർബലയുടെ മണ്ണിൽ പ്രണമിക്കുന്നതിന് കാരണം പ്രവാചകൻ (സ) ആ മണ്ണിന് പ്രത്യേകത നൽകിയതുകൊണ്ടാണ്. പ്രവാചക കുടുംബത്തിലെ ഇമാമുകളും അതുചെയ്തിട്ടുണ്ട്. ഇമാം ഹുസൈൻ (അ) യുടെ രക്തസാക്ഷിത്വത്തിന് ശേഷം അദ്ദേഹത്തിന്റെ മകൻ സൈനുൽ ആബിദിൻ (അ) കുറച്ചു മണ്ണ് വാരി ഇത് പരിശുദ്ധമണ്ണാണെന്ന് പ്രഖ്യാപിച്ചു. അതൊരു സഞ്ചിയിൽ സൂക്ഷിച്ചു. ഇമാം (അ) അതിൽ സുജൂദ് ചെയ്യുമായിരുന്നു. അതിന് പുറത്തുവെച്ചു തസ്ബീഹും ചൊല്ലും. അതിൽ വെച്ച് അല്ലാഹുവിനെ സ്തുതിക്കുകയും ചെയ്യുമായിരുന്നു.
(ഇബുനുഷഹറുൽ അഷൂബ്
അൽ മനാഖിബു വോളിയം 2, പേജ് 251)
ആ മണ്ണിൽ പ്രണിക്കുന്നതിനു ശിയാക്കളെ പ്രോത്സാഹിപ്പിച്ചു. നിർബന്ധമുള്ള കാര്യമല്ലെന്ന് അറിയാവുന്നതൊടൊപ്പം മഹത്വം ലഭിക്കുയെന്ന ഉദ്ദേശത്തോടെ പരിശുദ്ധ ഭൂമിയിൽ വെച്ചുമാത്രമേ ഇമാം അവർകൾ അല്ലാഹുവിന് സുജൂദ് ചെയ്യുക പതിവുള്ളു. അതുകൊണ്ടാണ് കർബലയിലെമണ്ണ് അദ്ദേഹം തെരഞ്ഞെടുത്തത്.
(അൽതൂസി, മിസ്ബാഹുമുതഹജ്ജദ്, ) ജ.511
(അൽസദൂഖ്, മാൻലാഹഫ്ദുറൂതുൽഫഖീഹ്)) ീഹ, ജ . 174

ശിയാക്കൾ ഈ മണ്ണ് കുറെക്കാലം സൂക്ഷിച്ചുവെച്ചു. അത് അപമതിയാകുമോ എന്ന ഭയന്നതിനാൽ അതുചെറിയ ഗുളികകളാക്കി അതിനിപ്പോൾ പറയുന്ന പേര് മാനർ എന്നോ തുർബ എന്നോ ആണ്. നിർബന്ധമില്ലെങ്കിൽ പ്രാർത്ഥന സമയത്ത് അതിൽ അവർ സുജൂദ് ചെയ്യുന്നു. എന്നിരുന്നാലും ശുദ്ധമായ മണ്ണ് ഞങ്ങളുടെ കയ്യിലില്ല.

ദയവായി, ചില ആളുകൾ ശിയാക്കളെ പറ്റി അവർ കല്ലിനെയും ഹുസൈൻ (അ)യും ആരാധിക്കുന്നുവെന്നു പറഞ്ഞു പരത്തുന്നവർ സത്യം കാണണം. തുർബയിൽസുജൂദ് ചെയ്യുന്നതിലൂടെ ഞങ്ങൾ അല്ലാഹുവിനെ മാത്രമേ ആരാധിക്കുന്നുള്ളൂ. തുർബയെ ആരാധിക്കുന്നില്ല. ഞങ്ങൾ ഒരിക്കലും ഇമാം ഹുസൈനെയും ആരാധിക്കുന്നില്ല. ഇമാം അലിയേയും മുഹമ്മദ് നബിയെയും ആരാധിക്കുന്നില്ല. ഞങ്ങൾ അല്ലാഹുവിനെ മാത്രമേ ആരാധിക്കുന്നുള്ളു. അല്ലാഹുവിന്റെ കല്പന പ്രകാരം ഞങ്ങൾ പരിശുദ്ധമായ മണ്ണിൽ സുജൂദ് ചെയ്യുന്നു.

ഉപസംഹാരം

ഇക്കാരണത്താൽ ശിയാമുസ്ലികൾ ചെറിയ ഗുളിക കൊണ്ടുനടക്കുന്നത്. കർബലയിലെ മണ്ണുകൊണ്ടുണ്ടാക്കിയതാണത്. ഇതിൽ സുജൂദ് ചെയ്യുന്നത് ഉന്നതമായ പ്രവാചക ചര്യ അവലംബിക്കുന്നതിലൂടെ ഉന്നത സ്ഥാനം കരസ്ഥമാക്കാൻ അവരെ പ്രാപ്തമാക്കുന്നു.

## 8.ശിയാക്കൾ ഖുർആനിൽ

ശിഅ: എന്ന പദത്തിന്റെ അർത്ഥം അനുയായികൾ, പാർട്ടി മെമ്പർമാർ എന്നാണ്. അല്ലാഹു ഖുർആനിൽ ഇത് സൂചിപ്പിച്ചത് അവന്റെ സന്മാർഗ്ഗീകളായ ദാസന്മാർ ഒരു ശീഅ: (പാർട്ടി) ആയിരുന്നുവെന്നും അവർ മറ്റുള്ള സന്മാർഗ്ഗികളായ ദാസന്മാരേക്കാൾ ഉന്നതരായിരുന്നുവെന്നുമാണ്.

ഹ: ഇബ്രാഹിം (അ) തീർച്ചയായും അവന്റെ ശീഅയിൽപ്പെടുന്നു.
(ഖുർആൻ 37:83)

അവൻ (മൂസ) ഒരിക്കൽ പട്ടണത്തിൽ ചെന്നു പട്ടണവാസികളായ ജനങ്ങൾ കാണാതെ. അവിടെ രണ്ടു പേർ അടികൂടുന്നതായി അദ്ദേഹം കണ്ടു. ഒരാൾ അദ്ദേഹത്തിന്റെ പാർട്ടി (ശീഅ)യും മറ്റേയാൾ ശത്രുവുമാണ്. അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ടയാൾ സഹായമഭ്യർത്ഥിച്ചു. അദ്ദേഹത്തിന്റെ ശത്രുവായിരിക്കുന്ന ആൾക്കെതിരെ
(ഖുർആൻ 28:15)

ഇങ്ങനെ ശിഅ എന്നത് അല്ലാഹു ഖുർആനിൽ ഉപയോഗിച്ച ഔദ്യോഗിക പദമാണ്. അവന്റെ പ്രമുഖരായ പ്രാവചകന്മാർക്കും അവരുടെ അനുചരന്മാരുടെ കാര്യത്തിലുമാണ് ഈ പദം ഉപയോഗിച്ചത്. അങ്ങേയറ്റം സത്യ വിശ്വാസിയായ ഒരാളാണ് ശീഅ: (അനുയായി) എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നതെങ്കിൽ പിന്നെ അയാൾ ശീഅ: ആകുന്നതിൽ എന്ത് തെറ്റാണുള്ളത്? മറ്റൊർത്ഥത്തിൽ ഒരാൾ തെമ്മാടിയുടേയോ, വഴിപിഴച്ചവന്റെയേ ശിഅ ആയാൽ അയാളുടെ നേതാവിന്റെ വിധിയായിരിക്കില്ലേ അവനുമെന്ന് ഖുർആൻ തെര്യപ്പെടുത്തുന്നു. അന്ത്യനാളിൽ ജനങ്ങൾ പല വർഗ്ഗങ്ങളായി പിരിയും ഓരോ ഗ്രൂപ്പിനും മുന്നിൽ ഒരു നേതാവും (ഇമാം) ഉണ്ടാകും. അള്ളാഹു പറയുന്നു. ഓർക്കുക ആ ദിവസം എല്ലാവരെയും വിളിച്ചുകൂട്ടും ഒപ്പം അവരുടെ നേതാവിനെയും
(ഖുർആൻ 17:71)
അന്ത്യനാളിൽ, അനുയായികളുടെ ഭാഗധേയം നിർണ്ണയിക്കപ്പെടുന്നത് അവരുടെ നേതാവിന്റെ(അവർ ഇമാമിനെ ശരിയായ വിധത്തിൽ അനുധാവനം ചെയ്തിട്ടുണ്ടെങ്കിൽ) ഭാഗധേയമനുസരിച്ചാണ്. അല്ലാഹു ഖുർആനിൽ രണ്ടു തരം ഇമാമുമാരുണ്ടെന്ന് സൂചിപ്പിക്കുന്നു.

അവരെ നാം നേതാക്കളാക്കി നരകത്തിലേക്കവർ ക്ഷണിക്കുന്നു. അന്ത്യനാളിൽ അവർക്ക് യാതൊരു സഹായിയുമുണ്ടാകില്ല. ഈ ലോകത്ത് അവർക്ക് ശാപം മുദ്രണംചെയ്യപ്പെട്ടിരിക്കുന്നു. അന്ത്യനാളിലാകട്ടെ അവർ ദുശിച്ച വരുമായിരിക്കും ( ഖുർആൻ 28:4142)

മനുഷ്യവർഗ്ഗത്തിന് വഴികാട്ടികളായി അല്ലാഹു നിയമിച്ചവരാണ് ഇമാമുമാർ എന്ന് ഖുർആൻ ഓർമ്മപ്പെടുത്തുന്നു.

അവരെ നാം നേതാക്കളാക്കിയത് നമ്മുടെ കൽപനകളിലേക്ക് നയിക്കാന് വേണ്ടിയാണ്. അവരാകട്ടെ അങ്ങേയറ്റം ക്ഷമ കൈകൊണ്ടവരുമായി. അവർ നമ്മുടെ സൂക്തങ്ങളിൽ ഉറച്ചു വിശ്വസിക്കുന്നവരുമാണ്. (ഖുർആൻ 32:24)

തീർച്ചയായും ഈ ഇമാമിന്റെ സത്യവാന്മാരായ അനുയായികൾ (ശീഅ) അന്ത്യനാളിൽ യഥാർത്ഥ ഭാഗ്യവാന്മാരായിരിക്കും.

ശിയാക്കൾ ഹദീസിൽ

ഇസ്ലാമിന്റെ ചരിത്രത്തിൽ, ശീഅ: എന്ന പദം ഉപയോഗിച്ചുപോന്നത് അലി (അ) യുടെ അനുയായികൾക്കാണ്. ഈ വിശേഷണം പിൽക്കാലത്ത് കണ്ടെത്തിയതല്ല. ഈ പദം ഉപയോഗിച്ച ആദ്യത്തെ വ്യക്തി അല്ലാഹുവിന്റെ പ്രവാചകൻ തന്നെയാണ്. അതാകട്ടെ താഴെ പറയുന്ന ഖുർആൻ വാക്യം അവതരിപ്പിച്ചപ്പോളാണ്.

"വിശ്വസിക്കുകയും നന്മ പ്രവർത്തിക്കുകയും ചെയ്യുന്നവർ. തീർച്ചയായും അവനത്രെ ഉത്തമനായ സൃഷ്ടി" (ഖുർആൻ 98:7)

നബി (സ) അലിയോട് പറഞ്ഞു ഇത് നിനക്കും നിന്റെ ശീഅ (പാർട്ടി)ക്കും വേണ്ടിയാണ്. പിന്നെ അദ്ദേഹം പറഞ്ഞു ഞാൻ സത്യം ചെയ്തു പറയട്ടെ, ആരാണോ എന്റെ ജീവിതം നിയന്ത്രിക്കുന്നത് അതായത് ഈ മനുഷ്യൻ (അലി) ആണ്. അവസാന നാളിൽ അദ്ദേഹത്തിന്റെ അനുയായികൾ സംരക്ഷിതരായിരിക്കും
ജലാലുദ്ധീൻ അൽസുയൂത്വി തഫ്സീർ ദുർൽ മൻളൂർ, കൈറോ അധ്യായം 6, പേജ് 379
ഇബുനു ജുരൈർ അൽ ത്വബരി, തഫ്സീർ ജാമി ഉൽ ബയാൻ (കൈറോ അധ്യായം 33 പേജ് 146
ഇബുനു അസാകിർ, താരീഖു ദിമിഷ്ഖ് അധ്യായം 42, പേജ് 333, 371.
ഇബുനു ഹജറുൽ ഹൈതമി, അൽ സവായിഖ്, അൽ മുഹരിഖ (കൈറേ, സെക്ക്ഷൻ 240 247)
പ്രാവചകൻ (സ) പറഞ്ഞു അലി (അന്ത്യനാളിൽ നീയും നിന്റെ അനുയായികളും (ശീഅ) അല്ലാഹു വിന്റെ അടുത്തേക്ക് സന്തുഷ്ടരായും സന്തോഷിപ്പുക്കുന്ന നിലക്കും വരും എന്റെ ശത്രുകളാകട്ടെ ദേഷ്യമുള്ളവരും തലകുനിച്ചവരുമായിരിക്കും.

ഇമാം ഇബനു ആതിർ, അൽ നിഹായ ഫീ,

ഗരീബു അൽ ഹദീസ് (ബൈറൂത്ത് 1399) അധ്യായം 4 പേജ് 106
അൽ ഹൈതമി:മജ്മഉൽ സവാഇഖ് അധ്യായം 19 പേജ് 14168.

നബി (സ) പറഞ്ഞു സന്തോഷം അലി തീർച്ചയായും നീയും നിന്റെ അനുയായികളും (ശീഅ) സ്വർഗ്ഗത്തിലായിരിക്കും.

അഹമ്മദ് ബിൻ ഹമ്പൽ ഫുളൈലു സഹാബ (ബൈറൂത്) അധ്യായം 2, പേജ് 655
അബ്ദുൽ അയിം അൽ ഇസുബഹാനി, ഹിൽയത്തുൽ ഔലിയ, അധ്യായം 4, പേജ് 329.
അൽ കാതിബുൽ ബഗദാദി താരീഖുൽ ബഗ്ദാദ് (ബൈറൂത് അധ്യായം 12, പേജ് 289.
അൽ ത്വബരി, മുഅജമുൽ കബീർ അധ്യായം 1, പേജ് 319
അൽ ഹൈതമി: മജ്മഅ് അൽസവാഇദ് അധ്യായം 10, പേജ് 21,22
ഇബുനു അസാകിർ താരീഖു ദിമിഷ്ഖ് അധ്യായം 42, പേജ് 331-332
ഇബ്നു ഹജറുൽ ഹൈത്തമി, അൽ സവാഇഖുഅൽമുഹ്രിഖാത്ത്.

വിയോജിപ്പുണ്ടാക്കുന്ന തരത്തിലുള്ള പദം എന്തുകൊണ്ട് പ്രവാചകൻ (സ) ഉപയോഗിച്ചു. ഹ: ഇബ്രാഹിം (അ) ഒരു വിഭാഗീയ ചിന്താഗതിക്കാരനായിരുന്നുവോ? നൂഹ് നബിയും മൂസ നബിയും എങ്ങനെ ആയിരുന്നു? ശീഅ എന്നത് വിയോജിപ്പുള്ളതും വിഭാഗീയവുമാണെങ്കിൽ അല്ലാഹു തന്റെ ഉന്നത സ്ഥാനീയരായ പ്രാവാചകന്മാരുടെ കാര്യത്തിൽ ഒരിക്കലും ഉപയോഗിക്കുമായിരുന്നില്ല. നബി (സ) അവരെ സ്തുതിക്കുകയും ചെയ്യില്ലായിരുന്നു.

മുഹമ്മദ് നബി (സ) ഒരിക്കലും മുസ്ലിംകളെ ഗ്രൂപ്പുകളാക്കി തിരിക്കാൻ ആഗ്രഹിച്ചിട്ടില്ല.

അദ്ദേഹം ജനങ്ങളോട് ഇമാം അലിയെ പിന്തുടരാൻ കല്പിക്കുകയാണുണ്ടായത്. അദ്ദേഹത്തിന്റെ ജീവിതകാലത്ത് ഒരു ഏജന്റ് എന്ന നിലക്ക് പിൻഗാമി എന്ന നിലക്കും അദ്ദേഹത്തിനു ശേഷം ഖലീഫ എന്ന നിലക്കും നിർഭാഗ്യവാന്മാരെന്ന് പറയട്ടെ, ചിലർ പ്രവാചകന്റെ ആഗ്രഹം മറച്ചു വെച്ചു, അവർ ശീഅത്തു അലി എന്ന് അറിയപ്പെടുകയും ചെയ്തു. അവരാകട്ടെ എല്ലാ വിധത്തിലുള്ള മാറ്റി നിറുത്തലുകൾക്കും പീഢനങ്ങൾക്കും വിധേയരാവുകയും ചെയ്തു. മനുഷ്യ വംശത്തിന്റെ കാരുണ്യത്തിന്റെ ദിനമായ പ്രവാചകന്റെ അന്ത്യ ദിവസം പോലും ഇത് സംഭവിച്ചു. പ്രാവചകന്റെ ആഗ്രഹം എല്ലാ മുസ്ലികളും അനുസരിച്ചിരുന്നുവെങ്കിലും ഇസ്ലാമിൽ യാതൊരു വിഭാഗീതയും ഉണ്ടാവുമായിരുന്നില്ല.

നബി (സ) പറഞ്ഞു ചുരുക്കത്തിൽ എനിക്ക് ശേഷം നിങ്ങൾക്കിടയിൽ വിഭാഗീയതയും കുഴപ്പവുമുണ്ടാകും അങ്ങനെയൊരവസ്ഥ വന്നാൽ, അലിയെ തെരഞ്ഞു പിടിക്കുക കാരണം അലിക്ക് പിഴവിൽ നിന്ന് ശരിയെ വേർത്തിരിച്ചെടുക്കാനാവും

അലി മുത്തഖി അൽഹിന്ദി, കൻസുൽ ഉമ്മാൽ (മുൾത്താൻ) അധ്യായം 2, പേജ് 612 നമ്പർ 32964

മേൽ സൂചിപ്പിച്ച ഖുർആനിക വാക്യത്തിന്റെ അടിസ്ഥാനത്തിൽ ഇമാം ജഅഫറു സാദിഖിൽ നിന്ന് ചില സുന്നി പണ്ഡിതന്മാർ റിപ്പോർട്ടു ചെയ്യുന്നു. പ്രാവചക കുടുംബത്തിൽ നിന്നുള്ള ആറാമത്തെ ശിഅ ഇമാം ഇതാ.

ഞങ്ങൾ അല്ലാഹുവിന്റെ പാശമാണ് അവരെ പറ്റി അല്ലാഹു പറഞ്ഞു മറുകെ പിടിക്കുക. എല്ലാ വരും ഒന്നിച്ച് അല്ലാഹുവിന്റെ പാശത്തെ അത് നിങ്ങളെ തകർക്കുകയില്ല.
അൽ അലബി, തഫ്സീറുൽ കബീർ, സൂക്തത്തിന്റെ വ്യാഖ്യാനത്തിന് 3:103

ഇബ്നു ഹജറുൽ ഹൈതമി, അൽസവാഇഖ് അൽ മുഹ് രിഖ (കൈറോ, അധ്യായം 2 സെക്ഷൻ 1, പേജ് 233 ഇങ്ങനെ അല്ലാഹു വിഭാഗീയതയെ നിരുത്സാഹപ്പെടുത്തുന്നു. അവന്റെ പാശത്തിൽ നിന്ന് പിടിവിടുന്നവരെ അവൻ താഴ്ത്തുന്നു. അതിൽ മുറുകെ പിടിക്കുന്ന വരെയല്ല.

ഉപസംഹാരം

അല്ലാഹുവിന്റെ മഹത്തായ ദാസന്മാരുടെ അനുയായികൾക്ക് അല്ലാഹു ഖുർആനിൽ ഉപയോഗിച്ചിട്ടുള്ള പദമാണ് ശീഅ എന്നത് . അലിയുടെ അനുയായികൾക്ക് നബി (സ)യുടെ ഹദീസുകളിലും ദൈവികമായി നിശ്ചയിച്ച നിർദ്ദേശത്തെ നിങ്ങൾ അനുഗമിക്കുന്നുവോ അവൻ മതപരമായ വിഭാഗീയതയിൽ നിന്നും തർക്കങ്ങളിൽ നിന്നും സുരക്ഷിതനും അല്ലാഹുവിന്റെ പാശത്തെ മുറുകെ പിടിച്ചവനുമാണ്. സ്വർഗ്ഗത്തിന്റെ സന്തോഷതരംഗങ്ങൾ അവനെ അനുഗ്രഹിക്കുന്നതുമാണ്.